

പാലസ്തീനിലെ ആയാലും ബോസ്നിയയിലെ ആയാലും സുഖകരമല്ലാത്ത ജീവിത കാഴ്ചകൾ കൂടി കോമിക്കുകൾക്ക് വിഷയമാക്കുന്നതിലെ ധീരതയാണ് ജോ സാക്കോ എന്ന കോമിക് ജേണലിസ്റ്റിനെ വ്യത്യസ്തനാക്കുന്നത്.




2012 ഒകടോബർ-നവംബർ

# ലിറ്റിൽ മാസിക

142

എന്തിനിത്രമേൽ പ്രണയം


## ഈ മടവാളുകളോട്....?

മേരി റോയിയുടെ പള്ളിക്കൂടം 45 വർഷത്തിന് ശേഷവും സമാനതകളില്ലാത്തതാവുന്നതിനെക്കുറിച്ച്..

## മരുഭൂമിയെ പൂങ്കാവനമാക്കിയ കഥ...

സ്വന്തം പ്രായത്തെക്കുറിച്ചൊന്നും കൃത്യതയില്ലാത്ത ബരണാഡ് എന്ന ഈ ബൽജിയംകാരനെ കാണുമ്പോൾ ചൈനീസ് സെൻ കഥയിലെ വൃദ്ധനെ ഓർമ്മിച്ചു. ഒരിക്കലും വലുതാകില്ലല്ലോ എന്ന ഉറച്ച വിശ്വാസത്തിൽ വഴിയിലെ മല ചെറിയ മൺവെട്ടി കൊണ്ട് നീക്കാൻ ശ്രമിക്കുന്ന വൃദ്ധൻ!ഈ വെള്ളാരംകുന്നിൽ ആദ്യം കൃഷി ചെയ്തുണ്ടാക്കേണ്ടത് മേൽമണ്ണാണെന്ന് അദ്ദേഹം ഉറപ്പിച്ചു. പുറത്തുനിന്ന് മണ്ണ് കൊണ്ടുവരാതെ. വളം കൊണ്ടുവരാതെ അതു സാധ്യമാക്കുക എന്നതായിരുന്നു ലക്ഷ്യം. വരണ്ട ഭൂമിയിൽ പിടിച്ചുനിൽക്കാൻ കഴിയുന്ന അക്കേഷ്യ പോലുള്ള മരങ്ങളുടെ വിത്തുകളും തൈകളും നട്ടുപിടിപ്പിച്ചു. കിട്ടുന്ന മഴയെ ഒഴുകിപോവാതെ മണ്ണിൽ താഴാൻ ചെറിയ കുഴികൾ നിർമ്മിച്ചു. മൂന്നുവർഷം കൊണ്ട് പച്ചപ്പ് വെച്ചു. പിന്നെ കാര്യങ്ങൾ പ്രകൃതി തന്നെ എളുപ്പമാക്കി. കിളികളും ശലഭങ്ങളും വിത്തുവിതരണ ദൗത്യം ഏറ്റെടുത്ത് സഹായിച്ചു....

6



ലിറ്റിൽ മാസിക
ചുങ്കത്തറ പി.ഒ,
മലപ്പുറം-679334

copyleft

Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com

*1992-ൽ ദൃഷ്ടി എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു. 1993 മുതൽ ലിറ്റിൽ മാസിക എന്ന പേരിൽ രജിസ്റ്റർ ചെയ്ത് മാസികയായി പ്രസിദ്ധീകരിച്ചു വരുന്നു.*

*സക്രിയത, സഹജീവനം, ധ്യാനം, സ്വാഭാവിക പുഞ്ചിരി, കാരുണ്യം, സാധാരണത്തം, ജാഗ്രത, സുഷ്മത, കവിത, ലാളിത്യം, സൗഹൃദം, ...ഇതെല്ലാമുള്ള ഒരു ജീവിതം, ലോകം സ്വപ്നം കാണുന്നവരുടെ ഒത്തുചേരലാകുന്നു ഈ പത്രം.*



SHINO JACOB PHOTO

*നല്ല കാര്യങ്ങൾ ഏറ്റവും സമീപത്തു തന്നെ ഉള്ളവയാണ്. ശ്വാസം, നിങ്ങളുടെ കണ്ണുകളിൽ പതിക്കുന്ന പ്രകാശം, കാലടികളിൽ വീണുകിടക്കുന്ന പൂക്കൾ, കയ്യിലുള്ള ചുമതലകൾ, തൊട്ടുമുന്നിലെ പാതകൾ...എല്ലാം നമ്മുടെ ചാരത്തുതന്നെയുള്ളവ തന്നെ. ജീവിതത്തിലെ ലളിതവും സാധാരണവുമായ കാര്യങ്ങളെ അതിന്റെ സ്വാഭാവികതയോടെ ചെയ്താൽ മതി. അന്നന്നുള്ള കാര്യങ്ങളും അന്നന്നുള്ള അപ്പവും തന്നെയാണ് ജീവിതത്തിലെ ഏറ്റവും മധുരതരമായത്.*

*-റോബർട്ട് ലൂയിസ് സ്റ്റീവൻസൻ*

*I sought my soul*
*But my soul I could not see*
*I sought my God*
*But my God eluded me*
*I sought my brother And I found all three*
***- Source unknown***

**നമുക്ക് ചുറ്റുമുള്ള ജീവികൾ**

## ചുവന്ന ഇരട്ടപ്രാണികൾ/Red Devouring Insects



മുമ്പ് നമ്മുടെ നാട്ടിൽ സാധാരണമായിരുന്ന ഒട്ടേറെ ജീവികൾ സമീപകാലത്ത് തീർത്തും കാണാതായിട്ടുണ്ട്. നമുക്ക് സുപരിചിതരാണ് മുകളിൽ പേരെഴുതിയ ചുവന്ന ഇരട്ടപ്രാണികൾ. ചില മരങ്ങളുടെ കീഴെ കൂട്ടത്തോടെ കണ്ടുവന്നിരുന്ന ഗാഢപ്രണയത്തിന്റെ പ്രതീകമായ ഇവരെ ഇപ്പോൾ കണ്ടുകിട്ടാൻ പ്രയാസമാണ്.

മൂന്നു നാലു മാസമെങ്കിലും വർഷത്തിൽ സ്ഥിരമായി കണ്ടിരുന്ന ഇയാളെ ഇപ്പോൾ കാണാത്തതിന്റെ കാരണം ഇവയുടെ ലാർവ്വ ആഹരിച്ചിരുന്ന ചില പ്രത്യേക സസ്യങ്ങൾ ഇല്ലാതായതാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

ജൈവശാസ്ത്രപരമായി പരാഗണന-വിത്തുവിതരണ പ്രക്രിയകളിൽ ഒരുപോലെ പങ്കാളിയായ ഇവ മിശ്രഭോജികളാണ്. കൂട്ടത്തോടെ കോളനികളായി കഴിയാനിഷ്ടപ്പെടുന്ന ഈ ഇടതുപക്ഷ കൊടിവാഹകർക്ക് അനുയോജ്യ ആവാസ വ്യവസ്ഥകളുടെ നാശം അവയുടെ വംശനാശത്തിനു തന്നെ സമീപഭാവിയിൽ കാരണമായേക്കാം. വന്യജീവി സംരക്ഷണത്തിൽ നാം പലപ്പോഴും മറന്നുപോകുന്ന, നമുക്കു ചുറ്റുമുള്ള ഇത്തരം അനേക ചെറുജീവജാതികളുടെ സംരക്ഷണവും നമ്മുടെയും ഭൂമിയുടെയും നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.

***Editorial*** *Editor:Biju John, Co-ordinating Editor:Abdullakkutty Edavanna.Team:Jayaprakash Nilambur,Chandrababu Trikkalangodu,Satheesh Chalippadam,P M John,Harris Nenmeni, ,Typing -Jaseela*





മൊഴിയാഴങ്ങൾ

ഷൗക്കത്ത്

## നദിയെ ആരും ഒഴുക്കേണ്ടതില്ല.

ഒഴുകുകയെന്നത് നദിയുടെ സഹജസ്വഭാവം. സുഗമമായ ആ യാത്രയെ തടസ്സപ്പെടുത്താതിരിക്കുക മാത്രമേ ചെയ്യേണ്ടതുള്ളൂ. എന്നോ തുടങ്ങിയ യാത്രയാണ് ജീവിതം. അതെങ്ങോട്ടൊഴുകുന്നുവെന്ന് അതിന് നന്നായറിയാം. അതു നാം കണ്ടെത്തേണ്ട വിഷയമല്ല. നമ്മൾ ആകെ ചെയ്യേണ്ടത് അതോടൊപ്പം ഒഴുകുകമാത്രം. വഴി കഴിയുന്നത്ര ഒഴുക്കുള്ളതാക്കുക. ചപ്പും ചവറും വാരിയിട്ട് ഒഴുക്കിനെ മന്ദീഭവിപ്പിക്കുകയോ തടസ്സപ്പെടുത്താതിരിക്കുകയോ ചെയ്യുക. ശരീരത്തെയും മനസ്സിനെയും അതിന്റെ എല്ലാ അസ്വാഭാവിക ചോദനകളിൽ നിന്നും നിവർത്തിപ്പിക്കാം. ഒഴിഞ്ഞ മുളന്തണ്ടാകാം. തെന്നൽ ഒഴുകിവന്ന് നാദതരംഗങ്ങളായി എല്ലാ ദിക്കിലേക്കും പ്രസരിക്കുന്നത് അവിടെ നാമനുഭവിക്കും.

ചുറ്റുവട്ടം/അവിര

## ഷർട്ടിടാത്ത അപ്പച്ചൻ

വല്യപ്പൻ ഷർട്ടിടാതെ പുറത്തിറങ്ങി നടക്കുമായിരുന്നു.  ഒരു മുണ്ടു മാത്രം ഉടുത്ത് തെരുവിലൂടെ മൈലുകളോളം നടക്കും. ഷർട്ടിടാതെ നിൽക്കുന്ന വല്യപ്പനെ കാണുമ്പോൾ, കുട്ടികളായിരിക്കുമ്പോൾ ഞങ്ങൾക്ക് ലജ്ജ തോന്നുമായിരുന്നു. സ്കൂളിൽ ചിലപ്പോഴൊക്കെ ചില ആവശ്യത്തിന്, ചിലപ്പോൾ ഉച്ചഭക്ഷണവുമായി, അല്ലെങ്കിൽ പി.ടി.എ മീറ്റിംഗിന് വരുമ്പോഴും ഷർട്ടിടാതെ ലുങ്കിയുടുത്ത് വല്യപ്പൻ വരുമ്പോൾ സഹപാഠികൾ  കളിയാക്കിയിരുന്നു.

എന്തുകൊണ്ടാണ് അപ്പച്ചന് ഷർട്ടിടാതെ എല്ലായിടത്തും ഇങ്ങനെ ഇറങ്ങിനടക്കാൻ നാണവും ലജ്ജയും തോന്നാത്തത്? അതായിരുന്നു എന്റെ കുട്ടിക്കാലത്തെ ആലോചന. പിന്നീട് വല്യപ്പൻ മരിച്ചു. കുറേ കഴിഞ്ഞ് മുതിർന്നപ്പോൾ എങ്ങനെയോ കാര്യങ്ങൾ വെളിപ്പെട്ടുകിട്ടി. വല്യപ്പൻ ചെറുപ്പത്തിൽ നല്ല ഒന്നാന്തരം സിൽക്ക് ജൂബയും വേഷ്ടിയും ധരിച്ച് മാത്രമേ പുറത്തിറങ്ങാറുണ്ടായിരുന്നുള്ളുവത്രെ! വീട്ടിൽ മാത്രമേ ഷർട്ടിടാതെ നടന്നിരുന്നുള്ളൂ. വീട് തന്റെ സ്വന്തം സ്ഥലം എന്ന ചിന്തയിൽ നാണം തോന്നേണ്ടതില്ലല്ലോ. പ്രായം ചെന്നപ്പോൾ വല്യപ്പന് വീട് വലുതായി. നാടും വീടുപോലായി. അഥവാ വീടും നാടും ഒന്നായി. ചുറ്റുപാടും തെരുവും, പൊതുസ്ഥലങ്ങളൊക്കെയും അദ്ദേഹത്തിന് വീട് പോലെയായി. എല്ലായിടവും വീട് പോലെയായാൽ എല്ലാവരെയും വീട്ടുകാരായി കാണുമ്പോൾ പിന്നെ സങ്കോചവും നാണവും എന്തിന്? സ്വന്തം വീട്ടിൽ പെരുമാറുന്നതുപോലെ തന്നെ നാട്ടുകാരുടെ മുമ്പിലും പെരുമാറും വിധം അദ്ദേഹത്തിന് വീടും നാടും തമ്മിലുള്ള അതിരുകൾ നേർത്തില്ലാതായിരിക്കണം.

## പെൺമക്കൾ

മൂന്നു പെൺകുട്ടികളുടെ അമ്മയായ അവർക്ക് നെഞ്ചിൽ ഒരു നെരിപ്പോട് അമർന്ന് കത്തുകയായിരുന്നു. ഒപ്പത്തിനൊപ്പം വളർന്നു നിൽക്കുന്ന പെൺമക്കൾ. ഭർത്താവിനാണെങ്കിൽ ചങ്ങാത്തം മുഴുവൻ അടുത്ത കവലയിലെ ചെറുപ്പക്കാരുമായി. സ്ഥലത്തെ എല്ലാ ചെറുപ്പക്കാരും അദ്ദേഹത്തിന് സുഹൃത്തുക്കളാണ്.. പോരാത്തതിന് അവരിൽ ചിലരെ വീട്ടിൽ വിളിച്ചുകൊണ്ടുവരും. അവർക്ക് പുസ്തകങ്ങൾ വായിക്കാൻ കൊടുക്കുക, അവരുമായി രാത്രി ഏറെ വൈകുവോളം സംവാദങ്ങളിലേർപ്പെടുക. ഇങ്ങനെ ഭർത്താവിന്റെ ചെയ്തികളിൽ ഭാര്യയ്ക്ക് ഭയാശങ്കകളാണ്. ഒന്നുമില്ലെങ്കിലും വീട്ടിൽ വളർന്നുവരുന്ന മൂന്ന് പെൺകുട്ടികൾ നമുക്കില്ലേ??  ഭാര്യയുടെ ആധികൾക്ക് ഭർത്താവ് ശാന്തനായി മറുപടി പറഞ്ഞു: ഈ പ്രദേശത്തെ മുഴുവൻ ചെറുപ്പക്കാരും എന്റെ സുഹൃത്തുക്കളാണ്. അവരെ നല്ലവരായി നിലനിർത്തുക എന്നതാണ് എന്റെ ലക്ഷ്യം. അങ്ങനെ വന്നാൽ നമ്മുടെ പെൺമക്കൾക്കല്ല; നാട്ടിലെ മുഴുവൻ പെൺകുട്ടികൾക്കും സുരക്ഷിതരായി ജീവിക്കാം.

## പക്ഷികൾ

പാർവ്വതി

വീടിന്ന് പിറകിലേക്ക് തുറക്കാവുന്ന വാതിൽക്കലാണ് എന്റെ നേരങ്ങൾ തങ്ങിനിൽക്കുക പതിവ്. ചുമരിന് തൊട്ടപ്പുറം വേലിച്ചെടികൾ; ചെറിയ മരങ്ങൾ.. അവയുടെ പച്ചപിടിച്ച തണലും ഇലകളിലൂടെ നേർത്തിറങ്ങുന്ന വെളിച്ചവും ആ ഇടത്തെ കവിഞ്ഞ് മറ്റൊന്നാക്കുന്നു എന്നു തോന്നും. അത് ചലനം കൊണ്ട് നിറയുകയാണ്, ഈ പക്ഷിയനക്കങ്ങളിൽ. നന്നേ ചെറിയ സൂചിച്ചുണ്ടൻ കിളികൾ, കുരുവികൾ, തവിട്ടുവാലൻ, കാകളിപ്പക്ഷി, മൈനകൾ, പൂത്താംകീരി, പുള്ള്, പേരു പഠിക്കാനാവാത്ത അനേകമനേകം പറത്തങ്ങൾ. ചെറിയ ചില്ലകളിലും നിലത്തും വായുവിലും അത്ഭുതകരമായ വേഗതയിൽ നൃത്തത്തിന്റെയെന്ന് തോന്നിക്കുന്ന ഒരൊഴുക്കായിത്തീരുന്നു അവ. അതിന്റെ ചിറകൊച്ച, മൂളൽ, വാക്ക്, കരച്ചിൽ, പ്രണയസ്വരം, അതിന്റെ മാത്രം വർണ്ണലയങ്ങൾ. ഒക്കെയും എന്നെ കനങ്ങളിൽ നിന്ന് അഴിച്ചുകളയുന്നു. മോചിപ്പിക്കുന്നു. അവയ്ക്കു തീറ്റി കൊടുക്കാൻ ശ്രമിക്കുന്നില്ല ഞാൻ. അതിന്റെ കായ്കനികൾ അത് കണ്ടെത്തുന്നു. ഞാനാവട്ടെ അവയെ കാണുന്ന, കേൾക്കുന്ന ഒരു ചെറുജീവി തന്നെ. പറക്കാനാവുന്നില്ലാത്ത ഒന്ന്.

പാചകം

## പനിക്കൂർക്ക (കഞ്ഞിക്കൂർക്ക) ചമ്മന്തി


*എൻ.എം. പ്രഭാവതി*
*ചെമ്പ്രശ്ശേരി*

*തേങ്ങ ചിരവിയത് - അരമുറി, പനിക്കൂർക്ക ഇലകൾ അരിഞ്ഞത് - 10 എണ്ണം, ചെറിയ ഉള്ളി - 4, ചീനമുളക് - 10 എണ്ണം, ചേരുവകളെല്ലാം ഒരുമിച്ച് ചീനച്ചട്ടിയിൽ എണ്ണ ചേർക്കാതെ ഇലകൾ വാടിവരും വരെ വഴറ്റിയെടുക്കുക. ഇവ അമ്മിയിൽ അരയ്ക്കുക. പാകത്തിന് ഉപ്പും അൽപം മോരും ചേർത്ത് നന്നായി ഇളക്കി ഉപയോഗിക്കുക*

**വായ്പുണ്ണുള്ളവർക്ക് പനിക്കൂർക്കയിലകൾ ചവച്ചിറക്കുന്നത് ആശ്വാസം നൽകും.*

# കൂടങ്കുളം

റിസ്‌വാൻ



തലേന്ന്
പല ഭാഷകളീന്ന്
തീരത്തുടനീളം കുട്ടികൾ എഴുതിയിട്ടു.

കാറ്റാടിപ്പാലത്തിനൊത്ത നടുക്ക്
കുളത്തിലെ ആമകളെല്ലാം
കാണാതായതിൽ അന്നവർ
വല്ലാതെ സങ്കടപ്പെട്ടു.

മൈതാനപ്പന്തലിൽ
വിശപ്പുവിരിച്ച് ബീഡിതെറുക്കുന്ന
അമ്മമാരുടെ മടിയിൽ തലചായ്ച്ച്
അവർ ചോദിച്ചുകൊണ്ടിരുന്നു.
കാണാതായ ആമകളടക്കം
ദിനംതോറും പിൻവാങ്ങുന്ന
പലതുകളെപ്പറ്റി.

തലേന്ന്
ദൈവപുത്രൻ കടലിനുമീതെ
നടന്നകന്നുപോകുന്നത്
അവരുടെ അച്ഛൻമാർ കണ്ടിരുന്നു
അന്ന് ഇനിവേണ്ട എന്നാകുംവരെ
മീൻ മലച്ചിരുന്നു.

വന്നുപോയ മഴകളിലൊക്കെയും
ഉരുവിടാൻ മറന്നുപോകുന്നു
ഇടിയന്തക്കരയിലെ പായൽ.

എന്നിട്ടും
തുരുമ്പെടുക്കാത്ത
സ്വപ്നം തീണ്ടാത്ത
കത്രികയാൽ
ഉറക്കത്തിന്റെ നാടമുറിച്ച്
പാതിരാത്രിയിലേക്ക്
ഉദ്ഘാടനം ചെയ്യുന്നു
ഒരു ജനതയെ.

അനക്കമറ്റ കാറ്റിൽ
കിലോവാട്ടുകളുടെ ശവം
തൂങ്ങിയാടുന്നു.

ആയിരം സൂര്യൻമാരെ
ഉദിപ്പിക്കുംവിധം അഹന്ത-
പെരുത്തൊരു വെളിച്ചത്തിലേക്ക്
അകലങ്ങളിലെ നമ്മുടെ നഗരം
ഉണരുന്നു.

മീൻസാരക്കനലിൽ
ദേഹമാസകലം പൊള്ളലേറ്റ്
കടലുവന്നുപ്പുതേച്ച്, പൊരിവെയിലിലവ നീറ്റി..
അനുസ്മരണമെന്നോണം. ദുരന്തവാർഷിക ദിനം.
രണ്ടുമിനിട്ട്. മൊട്ടുവിളക്ക് കൊളുത്തി
നല്ല നെടുവീർപ്പിടുന്നു നാം.
കഴുത്തറ്റം
കടലിലിറങ്ങി..

---

## ആത്മഹത്യ ചെയ്യാതിരിക്കാൻ ഞങ്ങളെ മുന്നോട്ട് നയിച്ച ജീവിതരീതിയായിരുന്നു ലിറ്റിൽ മാഗസിനുകൾ

*- ബാലചന്ദ്രൻ ചുള്ളിക്കാട്.*

"ലിറ്റിൽ മാഗസിനുകൾ ഞങ്ങൾക്ക് വെറും പ്രസിദ്ധീകരണങ്ങളായിരുന്നില്ല. അവ ഞങ്ങളുടെ ജീവിതരീതിയായിരുന്നു. ആത്മഹത്യ ചെയ്യാതിരിക്കാൻ ഞങ്ങളെ മുന്നോട്ട് നയിച്ച ജീവിതരീതി. വൈകാരിക സമ്മർദ്ദങ്ങളെ അതിജീവിക്കാൻ ഞങ്ങൾക്ക് ഈ ചെറു മാഗസിനുകൾ ആത്മപ്രചോദനങ്ങളായിരുന്നു. ഞങ്ങളുടെ കൂട്ടാളികൾ കുറച്ചുപേർ അക്കാലങ്ങളിൽ ആത്മഹത്യ ചെയ്തു, കൊല്ലപ്പെട്ടു. ചിലർക്ക് ഭ്രാന്തുപിടിച്ചു. ഭ്രാന്ത് പിടിക്കാതിരിക്കാനുള്ള പ്രതിരോധ ചികിത്സയുമായിരുന്നു ഞങ്ങൾക്കീ മാഗസിനുകൾ. ബന്ധുക്കളാലും നാട്ടുകാരാലുമൊക്കെ പരിത്യജിക്കപ്പെട്ടവരായിരുന്നു ഞങ്ങൾ. പരിത്യക്ത പുരുഷാന്തരം അതിജീവിച്ചത് ഈ സാംസ്കാരിക പ്രവർത്തനങ്ങളിലൂടെയായിരുന്നു. ഞങ്ങളുടെ കീറിപ്പറിഞ്ഞ രക്തം പുരണ്ട ആ പതാകകൾ ഒരിക്കൽക്കൂടി ഞാനീ സന്ദർഭത്തിൽ ഉയർത്തിപ്പിടിക്കുന്നു."



*പട്ടാമ്പി ഗവ: കോളേജിൽ ഒക്ടോബർ 28 ന് 'മലയാളനാട്-ഫൗണ്ടേഷൻ' സംഘടിപ്പിച്ച ലിറ്റിൽ മാഗസിനുകളുടെ നൂറാം വാർഷിക പരിപാടിയിൽ നടത്തിയ പ്രഭാഷണത്തിൽ നിന്ന്*

# റേഡിയോക്കാലം

ശ്രീനി എടവണ്ണ



എന്റെ കുട്ടിക്കാലത്ത് റേഡിയോ ഒരു അത്ഭുതം തന്നെയായിരുന്നു. കൂടാതെ സമ്പന്നതയുടെ പ്രതീകവുമായിരുന്നു. റേഡിയോ വാങ്ങാനുള്ള സാമ്പത്തിക ശേഷിയൊന്നും ഞങ്ങൾക്കില്ലായിരുന്നു. വാൽവുള്ള ഒരു വലിയ റേഡിയോ ആയിരുന്നു അന്നുണ്ടായിരുന്നത്. പിന്നീടാണ് ട്രാൻസിസ്റ്റർ റേഡിയോ വരുന്നത്. പണമുള്ളവർ അത് വാങ്ങി അങ്ങാടിയിൽ പോകുമ്പോൾ തോളത്തു തൂക്കിയിട്ടു കൊണ്ടുപോവുമായിരുന്നു. വാർത്ത കേൾക്കാനും പാട്ട് ആസ്വദിക്കാനുമുള്ള ഏക മാർഗ്ഗം. റേഡിയോ കൊണ്ടുനടക്കുന്നവരുടെ കൂടെ ഒരാൾക്കൂട്ടം തന്നെ കാണാമായിരുന്നു. ജീവനുള്ള പാട്ടുകൾ അതിൽ നിന്നും ജനിക്കുമായിരുന്നു. രാത്രികാലങ്ങളിൽ കൂട്ട് കിടക്കാൻ ബിന്ദു എന്നു വിളിച്ചിരുന്ന ഒരു പൂച്ചക്കുട്ടി ഞങ്ങൾക്കുണ്ടായിരുന്നു. അതിന്റെ കുർ.. കുർ... ശബ്ദം കേട്ടുകൊണ്ടാണ് ഞാൻ ഉറങ്ങാറുണ്ടായിരുന്നത്.

അങ്ങനെയിരിക്കെ ഒരു ദിവസം ഞങ്ങളും ഒരു ട്രാൻസിസ്റ്റർ റേഡിയോ വാങ്ങി. 'മർഫി റേഡിയോ'. ഞങ്ങൾക്കും ജീവനുള്ള 'സ്വന്തം' പാട്ടുകൾ കേൾക്കാം എന്നായി. അങ്ങനെ സാങ്കൽപികലോകം എന്റെ മുന്നിലും തുറക്കുകയായി. ക്രമേണ പൂച്ചക്കുട്ടിയുടെ സ്ഥാനം പ്രത്യേകിച്ചും രാത്രികാലങ്ങളിൽ റേഡിയോ കയ്യടക്കി. റേഡിയോ എന്നെ മാസ്മര ലോകങ്ങളിൽ എത്തിച്ചു. കാലം മുന്നോട്ട്. പലതരം മാറ്റങ്ങൾ... കുത്തൊഴുക്കിൽ പെട്ട റേഡിയോ, ടി.വി, കമ്പ്യൂട്ടർ എന്നിവയ്ക്കു വഴിമാറി. ദൃശ്യസങ്കൽപങ്ങൾക്ക് അതിർവരമ്പ് നിശ്ചയിച്ചുകൊണ്ട് ഇവ ഇപ്പോഴും അരങ്ങ് തകർക്കുന്നു. മറവിയുടെ പടുകുഴിയിലേക്ക് റേഡിയോ എറിയപ്പെട്ടു. ഓർമ്മകളുടെ ഇടനാഴികളിൽ വല്ലപ്പോഴും റേഡിയോ ഓർമ്മകൾ നേർത്ത നൊമ്പരത്തോടെ കടന്നുവരും. ഒരു റേഡിയോ വാങ്ങണം. കുട്ടികൾക്ക് അത് പരിചയപ്പെടുത്തണം. പക്ഷേ എവിടെ നിന്നാണ് ചൈന റേഡിയോ അല്ലാത്ത ഒന്ന് സംഘടിപ്പിക്കുക? യാദൃശ്ചികമായി ലിറ്റിൽ മാസികയിൽ കാണുകയുണ്ടായി... 'നല്ല റേഡിയോയ്ക്ക് വിളിക്കുക'. വിളിച്ചു, കിട്ടി. പഴയ കേൾവികളിൽ നിന്നും അൽപം കൂടി മിഴിവോടെ റേഡിയോ പരിപാടികൾ കിട്ടുന്നു, ആ പഴയ കാലത്തേക്ക് ഒരു യാത്ര നടത്തുവാൻ അനായാസേന കഴിയുന്നു.

നല്ല മലയാളം കേൾക്കാം. ഭാവനയുടെ ചിറകിലേറി ഏതു ലോകവും സഞ്ചരിക്കാം. പൂച്ചക്കുട്ടി കണക്കെ എവിടെയും കൊണ്ടുനടക്കാം. കേൾവിയുടെ സുഖം എത്ര സുന്ദരം..!!


## റേഡിയോ അയച്ചുതരാം

ഇന്ത്യൻ നിർമ്മിത റേഡിയോ
ആവശ്യമുള്ളവർ വിളിക്കുക

മൊബൈൽ– 9946428284


അനുഭവം

# കോംബൊ ഓഫർ

ടി.എം. ഗോപാലകൃഷ്ണൻ

പേരക്കുട്ടികൾക്ക് ഒരേ ഒരു നിർബന്ധം. ഇന്നവർക്ക് വീട്ടിലുണ്ടാക്കിയ ഭക്ഷണം വേണ്ടത്രെ. അത്താഴത്തിന് പൊരിച്ച കോഴിയും ഫ്രൈഡ് റൈസും പുറത്തുനിന്ന് പാർസൽ വരുത്തണം. വീട്ടിലെ ഭക്ഷണം അവർക്ക് മടുത്തത്രെ. അലട്ട് മൂത്തപ്പോഴാണ് ഭക്ഷണം വാങ്ങാൻ അയാൾ ആ ഫാസ്റ്റ്ഫുഡ് കടയിലേക്ക് കയറിയത്.

നഗരത്തിൽ പുതുതായി തുറന്ന ഫാസ്റ്റ്ഫുഡ് കടകളിലൊന്നാണത്. കോഴി പൊരിച്ചതാണ് അവിടുത്തെ പ്രധാന വിഭവം. രസവർദ്ധകങ്ങളായ പലതും ചേർത്ത് പൊരിച്ചെടുക്കുന്ന കോഴികൊണ്ടുള്ള വിവിധതരം വിഭവങ്ങൾ. ഇത്തരം കടകൾ ഈയിടെയായി ആ നഗരത്തിൽ കൂണുപോലെ മുളച്ചുപൊങ്ങാൻ തുടങ്ങിയിരിക്കുന്നു. അവിടെയൊന്നും ആൾത്തിരക്കൊഴിഞ്ഞ നേരവുമില്ല.. അയാളോർത്തു.

വാതിൽപ്പടിയിൽ കാത്തുനിന്ന ചുവന്ന യൂണിഫോം ധാരിയായ വെയ്റ്റർ അയാളെ അകത്തേക്ക് ക്ഷണിച്ചു. മൂക്കിലേക്ക് തുളച്ചുകയറുന്ന പൊരിച്ച കോഴിയുടെ ഗന്ധം. വെയ്റ്റർ വൈവിധ്യമാർന്ന വിഭവങ്ങളുടെ മെനു അയാളെ കാണിച്ചു. തങ്ങളുടെ കോംബൊ ഓഫറിനെ കുറിച്ച് അയാൾ മേന്മയോടെ സംസാരിച്ചു.



ഒരു ഫുൾ ചിക്കൻ ഫ്രൈയും ഫ്രൈഡ് റൈസും വാങ്ങുമ്പോൾ ഒരു വലിയ ബോട്ടിൽ കോള സൗജന്യം. ഭക്ഷണത്തോടൊപ്പം അനുപാനം ചെയ്യാൻ കാർബൊണേറ്റഡ് സോഫ്റ്റ് ഡ്രിങ്ക്. എന്ത് കുശാൽ!

പ്ലാച്ചിമടയിൽ നടന്ന കോളവിരുദ്ധ സമരവും ലോക ജലസമ്മേളനവും അതിലെ സമരനായികയായിരുന്ന മയിലമ്മയുമൊക്കെ അയാളുടെ മനസ്സിലൂടെ അപ്പോൾ കടന്നുപോയി.

'അറബിക്കഥ' എന്ന സിനിമയിലെ നടൻ ശ്രീനിവാസന്റെ ക്യൂബാ മുകുന്ദൻ എന്ന കഥാപാത്രത്തിന്റെ മുഖവും അയാളുടെ മനസ്സിൽ തെളിഞ്ഞു. കഷ്ടപ്പെട്ടൊടുവിൽ ഗൾഫിലെ ഒരു കടയിൽ ജോലി കിട്ടിയിട്ട് അവിടെ കോള വിളമ്പാൻ നിർബന്ധിതനായ ആ മധ്യവയസ്കന്റെ നിസ്സഹായമായ മുഖം... അയാൾ ആലോചനയിൽ മുഴുകി.

വെയ്റ്റർ പാഴ്സലിന് ബില്ലെഴുതാൻ അനുവാദം ചോദിക്കുന്നുണ്ടായിരുന്നു. പക്ഷേ പിന്നെ അയാൾക്കതൊന്നും ശ്രദ്ധിക്കാൻ തോന്നിയില്ല.

ധൃതിയിൽ അയാൾ അവിടെ നിന്ന് പുറത്തേയ്ക്ക് നടന്നു..

*മണ്ണിനു പകരം വെള്ളാരംകല്ലുകൾ മാത്രം നിരന്നുകിടക്കുന്ന മരുപ്രദേശത്തെ ഏഴ് ഏക്കർ ഹരിതാഭമാക്കിയ ബെൽജിയംകാരൻ ബെർണാഡിന്റെ ആരോവില്ലിലെ 'പെബ്ബിൾ ഗാർഡൻ' പഠിപ്പിക്കുന്ന പാഠങ്ങൾ....*

# മനസ്സിൽ സ്നേഹമുണ്ടോ? മരുഭൂമിയെ പൂങ്കാവനമാക്കാം..

**അബ്ദുള്ളക്കുട്ടി എടവണ്ണ**

'ആരോവില്ലിലെ ഹരിതതീരങ്ങൾ' എന്ന ആശയുടെ പുസ്തകത്തിലൂടെയാണ് ആദ്യം ഈ ഇന്റർനാഷണൽ ടൗൺഷിപ്പിനെക്കുറിച്ച് കേൾക്കുന്നത്. പിന്നീട് ചില ആനുകാലികങ്ങളിലൂടെയും വെബ്സൈറ്റിലൂടെയും ആരോവില്ലിനെക്കുറിച്ച് കേട്ടറിഞ്ഞു. ജീവിതത്തിന്റെ വൈവിധ്യമാർന്ന മേഖലകളിൽ ക്രിയാത്മക പരീക്ഷണങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ലോകപൗരൻമാർ! ഇപ്പോൾ, 45 രാജ്യങ്ങളിൽ നിന്നായി വന്നെത്തി ഭാരതത്തിന്റെ മണ്ണിൽ പോണ്ടിച്ചേരിയിൽ കോറമാണ്ഡൽ തീരത്തെ ഊഷരഭൂമിയിൽ ജീവിതത്തിന്റെ ബദൽ സ്വപ്നങ്ങൾക്ക് ഉയിർ കൊടുക്കുന്നവർ.

ഒന്നോ രണ്ടോ ദിവസങ്ങൾ മാത്രം ചിലവഴിക്കാൻ അവസരം കിട്ടിയാൽ ആരോവില്ലിൽ ആർക്കു മുൻഗണന കൊടുക്കുമെന്ന ചിന്തയ്ക്കൊടുവിൽ ഉറച്ച തീരുമാനത്തിലെത്തിയത് ബെൽജിയംകാരൻ ബെർണാഡിന്റെ 'പെബ്ബിൾ ഗാർഡൻ' കാണാനാണ്.

ലിറ്റിൽ മാസികയുടെ പേരിൽ ബെർണാഡിന് ഇ-മെയിൽ അയച്ച് പോണ്ടിച്ചേരിയിലെ ഉൾഗ്രാമങ്ങളിൽ ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്ന പ്രിയസുഹൃത്ത് ഹർഷന്റെയടുത്തെത്തി ഫോണിൽ ബന്ധപ്പെട്ടു. പോണ്ടിച്ചേരി സയൻസ് ഫോറത്തിന്റെ നേതൃത്വത്തിലുള്ള മലയാളി രഘു വേണ്ട സഹായങ്ങൾ ചെയ്തുതന്നു. ഫോട്ടോഗ്രാഫർ ഹസ്സൻ മമ്പാടുമൊത്ത് ഞങ്ങൾ ആരോവില്ലിലെ പെബ്ബിൾ ഗാർഡനിലെത്തി. ബെർണാഡ് പെറുവിലേക്ക് ഒരു കോൺഫറൻസിനു പോയതാണ്. ഇന്ന് തിരിച്ചെത്തുകയേ ഉള്ളൂ. നാളെ മാത്രമേ കാണാൻ പറ്റൂ.. ഗാർഡൻ കാണാം. കാര്യങ്ങൾ മനസ്സിലാക്കാം. ബെർണാഡിനെ ഇന്റർവ്യൂ ചെയ്യൽ നാളെ മാത്രം. ഇങ്ങനെയൊരു പ്രായോഗിക നിർദേശം ഞങ്ങൾക്ക് തരുന്നത് മറ്റാരുമല്ല, ബെർണാഡിന്റെ ജീവിതപങ്കാളി താനൊരു ഇന്ത്യക്കാരിയെന്ന് പറയാൻ ആഗ്രഹിക്കുന്ന ദീപിക.

അങ്ങനെ രണ്ടുവട്ടം ഞങ്ങൾക്ക് പെബ്ബിൾ ഗാർഡന്റെ സവിശേഷമായ മണ്ണിലൂടെ ചുറ്റിനടക്കാനായി. മനുഷ്യജന്മത്തിന്റെ അത്യപൂർവ്വ സാധ്യതകളുടെ മഹത്തായ ലോകം ഞങ്ങൾക്കുമുമ്പിൽ അനാവരണം ചെയ്യപ്പെടുകയായിരുന്നു ബെർണാഡ്-ദീപിക കൂട്ടുകെട്ട്.

## പെബ്ബിൾ ഗാർഡൻ


പോണ്ടിച്ചേരി ടൗണിൽ നിന്ന് 10 കിലോമീറ്റർ അകലെ ആരോവിൽ ആഗോള ടൗൺഷിപ്പിന്റെ ഭാഗമായി 7 ഏക്കർ വിസ്തൃതിയിൽ കിടക്കുന്ന പ്രദേശമാണ് പെബ്ബിൾ ഗാർഡൻ.

പുരാതന കാലത്ത് കൊടുംകാടായിരുന്ന മണ്ണ്. ആനയും പുള്ളിപ്പുലിയുമെല്ലാം സ്വൈര്യവിഹാരം നടത്തിയിരുന്ന ഈ വനപ്രദേശം സ്വദേശികളും വിദേശികളുമായ ഭരണക്കാർ കൊന്നും മുടിച്ചും മരുഭൂമിയാക്കി മാറ്റിയതാണ്. ഭൂമിയിലെ പച്ചപ്പ് വെളുപ്പിച്ചതോടെ മേൽമണ്ണ് ഒലിച്ചുപോയി ലാറ്ററൈറ്റ് പാറകൾ മാത്രമായി. മണ്ണിനു പകരം വെള്ളാരംകല്ലുകൾ മാത്രം നിരന്നു കിടക്കുന്ന മരുപ്രദേശത്തെ ഏഴ് ഏക്കർ ഏറ്റെടുക്കുമ്പോൾ ബെർണാഡിന് മനസ്സിൽ തോന്നിയ പേരാണ് 'പെബ്ബിൾ ഗാർഡൻ'. വെള്ളാരംകല്ലുകൾ മിന്നിത്തിളങ്ങുന്ന, മണ്ണില്ലാത്ത ഈ 'മണ്ണിന്' മറ്റെന്തു പേരു നൽകും എന്ന് ബെർണാഡ് ചോദിക്കുന്നു!

1994-ൽ ഈ മനുഷ്യൻ മനസ്സിൽ ഉറച്ച തീരുമാനമെടുത്തു. മനുഷ്യന്റെ മാത്രം ക്രൂരകൃത്യത്താൽ ഊഷരമായ ഈ മണ്ണിലെ ഏഴേക്കർ പ്രദേശത്തെ ഹരിതാഭയണിയിക്കാൻ കഴിഞ്ഞാൽ മനുഷ്യരാശിയുടെ പ്രായശ്ചിത്തത്തിന്റെ പാഠങ്ങൾ തനിക്ക് മുന്നോട്ടുവെക്കാൻ പറ്റും. വെയിൽനാളങ്ങൾ നക്കിത്തുടച്ചു കളഞ്ഞ പച്ചപ്പിന്റെ ചെറുതൈകൾക്ക് ഉയിരേകണം. മാതൃകകളെ കുറിച്ചൊന്നും അറിയില്ലായിരുന്നു. ഒരു വെളിപാട്

ഫോട്ടോ: ഹസൻ മമ്പാട്

ബർണാഡും ദീപികയും





പോലെ ഉള്ളിൽ തെളിഞ്ഞ വഴിയിലൂടെ പ്രയാണം തുടങ്ങുകയായിരുന്നുവെന്ന് ബെർണാഡ്-പ്രകൃതി തന്നെയായിരുന്നു വഴികാട്ടി!

സ്വന്തം പ്രായത്തെക്കുറിച്ചൊന്നും കൃത്യതയില്ലാത്ത ഈ മനുഷ്യനെ കാണുമ്പോൾ ചൈനീസ് സെൻ കഥയിലെ വൃദ്ധനെ ഓർമ്മിച്ചു. ഒരിക്കലും വലുതാകില്ലല്ലോ എന്ന ഉറച്ച വിശ്വാസത്തിൽ വഴിയിലെ മല ചെറിയ മൺവെട്ടി കൊണ്ട് നീക്കാൻ ശ്രമിക്കുന്ന വൃദ്ധൻ!

ഈ വെള്ളാരംകുന്നിൽ ആദ്യം കൃഷിചെയ്തുണ്ടാക്കേണ്ടത് മേൽമണ്ണാണെന്ന് അദ്ദേഹം ഉറപ്പിച്ചു. പുറത്തുനിന്ന് മണ്ണ് കൊണ്ടുവരാതെ, വളം കൊണ്ടുവരാതെ അതു സാധ്യമാക്കുക എന്നതായിരുന്നു ലക്ഷ്യം. വരണ്ട ഭൂമിയിൽ പിടിച്ചുനിൽക്കാൻ കഴിയുന്ന അക്കേഷ്യ പോലുള്ള മരങ്ങളുടെ വിത്തുകളും തൈകളും നട്ടുപിടിപ്പിച്ചു. കിട്ടുന്ന മഴയെ ഒഴുകിപോവാതെ മണ്ണിൽ താഴാൻ ചെറിയ കുഴികൾ നിർമ്മിച്ചു. മൂന്നുവർഷം കൊണ്ട് പച്ചപ്പ് വെച്ചു. പിന്നെ കാര്യങ്ങൾ പ്രകൃതി തന്നെ എളുപ്പമാക്കി. കിളികളും ശലഭങ്ങളും വിത്തുവിതരണ ദൗത്യം ഏറ്റെടുത്ത് സഹായിച്ചു.

ചിതലുകൾ മണ്ണുണ്ടാക്കുന്ന പ്രകൃതിയുടെ രാസവിദ്യ ഗ്രഹിച്ചതോടെ പരമാവധി ചിതലുകളെ കൂട്ടുപിടിക്കാനായി പിന്നത്തെ ശ്രമം. അതിനായി അക്കേഷ്യയുടെ ഇലകളും, ഉണക്കച്ചുള്ളികൾ കത്തിച്ചുണ്ടാക്കിയ കരിയും, കിട്ടാവുന്ന ജൈവാവശിഷ്ടങ്ങളുമെല്ലാം ചേർത്ത സൂക്ഷ്മാണുക്കൾ നിറഞ്ഞ 'ബയോമാസ്' നിർമ്മിച്ചുകൊണ്ടേയിരുന്നു. ഈ കൂനയിൽ ചിതലുകൾ പണിയെടുത്തുകൊണ്ടിരുന്നു. വെള്ളാരംകല്ലുകളെ മറച്ചുകൊണ്ട് വിശുദ്ധമായ മേൽമണ്ണ് പതുക്കെ പടരാൻ തുടങ്ങി. ഭൂമിയുടെ ശ്വാസകോശം ഉണർവ്വോടെ പ്രവർത്തിക്കാൻ തുടങ്ങി.

മരുഭൂമിയെ പുനർജീവിപ്പിക്കുന്ന ഈ പ്രക്രിയക്കു വേണ്ട ഉയർന്ന സാങ്കേതികതയായി ബെർണാഡും ദീപികയും ചൂണ്ടി കാണിക്കുന്ന ഒന്നുണ്ട്! അത് മണ്ണിനോടുള്ള അലിവാർന്ന സ്നേഹം മാത്രമാണ്. അതു മാത്രം മതി ഏതു മരുഭൂമിയെയും പൂവാടിയാക്കാൻ.

18 കൊല്ലക്കാലം മണ്ണും പച്ചപ്പും വളർത്തിയെടുക്കുന്ന ഈ യജ്ഞത്തിൽ ബെർണാഡിനെയും ദീപികയെയും സഹായിക്കാൻ വല്ലപ്പോഴും ചില പ്രകൃതി സ്നേഹികൾ എത്തിയിട്ടുണ്ട്. അവർ സന്ദർശകരായി വന്ന് താമസിച്ച് പണികളിൽ കൂടി പുനർജീവന പ്രക്രിയ പഠിച്ച് തിരികെ പോകും. ചിലർ സാമ്പത്തികമായും സഹായിച്ചു.

ഇന്ന് ഇവിടെ കൊച്ചുവനമാണ്. മയിലും കുറുക്കനും കീരിയും പാമ്പും പറവകളുമെല്ലാം അഭയസ്ഥാനമാക്കിയ വനം. അതിനകത്തെ കുടിലിൽ ഇവർക്കു കാവലായി ബെർണാഡും ദീപികയും.



## സർവ്വർക്കും വിത്തു നൽകാൻ വിത്തുതോട്ടം

മനുഷ്യ ജീവിതത്തെ കമ്പോളത്തിന്റെ അടിമകളാക്കി മാറ്റാൻ എളുപ്പമായ മാർഗ്ഗം സ്വാശ്രയത്വത്തെ തകർക്കലാണ്. പ്രത്യേകിച്ച് ഭക്ഷണത്തിന്റെ കാര്യത്തിലുള്ള സ്വാശ്രയത്വം തകർത്താൽ മനുഷ്യനെയെന്നും അടിമകളാക്കാം. അതിനുള്ള എളുപ്പവഴി തനതായ വിത്തുകളെ ഇല്ലാതാക്കലാണ്. അപ്പോൾ നാടൻ വിത്തുകളുടെ സംരക്ഷണം വലിയ രാഷ്ട്രീയമാനങ്ങളുള്ള സമരമാർഗ്ഗമാകുന്നു.

ബെർണാഡും ദീപികയുമിപ്പോൾ വിത്തുതോട്ടത്തിന്റെ വഴിയിലാണ്. പെബ്ബിൾ ഗാർഡൻ ഒരു വിത്തുബാങ്കാണ്. പ്രത്യേകിച്ച് പച്ചക്കറികളുടെ വിത്തുകൾ. വൈവിധ്യമാർന്ന പച്ചക്കറി വിത്തുകൾ ഉല്പാദിപ്പിച്ചും വിതരണം ചെയ്തും ശേഖരിച്ചും ഒരു മികച്ച വിത്തുകേന്ദ്രമായി പെബ്ബിൾ ഗാർഡനിലെ 'നിർമ്മിത മണ്ണ്' മാറിയിരിക്കുന്നു. ആർക്കും സൗജന്യമായി വിത്തുകൾ നൽകാം. ഞങ്ങൾ നൽകുന്ന ഓരോ വിത്തും ഞങ്ങളുടെ സ്വപ്നമാണ്. ഈ ഭൂഗോളത്തിൽ എല്ലാവർക്കും ഭക്ഷണം വിളയുന്ന തോട്ടങ്ങൾ ഉണ്ടാകുന്ന സ്വപ്നം. 'A garden for everyone on this planet'.

അപൂർവ്വ ഇനത്തിൽപ്പെടുന്ന നാടൻ പച്ചക്കറി വിത്തുകൾ ഞങ്ങൾക്കുണ്ട്. അവ ആർക്കും തരാം. നിങ്ങളുടെ പക്കലുള്ള സവിശേഷമായ ഇനങ്ങൾ ഞങ്ങൾക്കും തരൂ.. ഓരോ വീടും ഓരോ വിത്തുബാങ്കാകാം. നമുക്ക് വിത്തുകൾ നാടെങ്ങും വിനിമയം ചെയ്യാം. ബെർണാഡും ദീപികയും പറഞ്ഞു.

ഫുക്കുവോക്ക കുറച്ചുനാൾ ബെർണാഡിനൊപ്പം പെബ്ബിൾ ഗാർഡനിലുണ്ടായിരുന്നു. ബെർണാഡ് ജപ്പാനിൽ ഫുക്കുവോക്കയുടെ കൂടെയും.

"The best fertilizers are the footsteps of the gardener" -Chinese Proverb

വിലാസം:
**Bernard & Deepika, Pebble Garden, Aurobrindavan, Auroville, Pondicheri-605101**
**Pebblegardenforest@gmail.com**

## ആരോവിൽ (Auroville) എന്നാൽ...

*ലോകത്തിലെ ഏകവും പ്രഥമവുമായ ആഗോള ടൗൺഷിപ്പാണ് ആരോവിൽ. മനുഷ്യരാശിയുടെ ഐക്യവും മാനവികമായ അവബോധവും പുലരുന്നതിനുവേണ്ടി പോണ്ടിച്ചേരിയിലും തമിഴ്നാട്ടിലുമായി വ്യാപിച്ചുകിടക്കുന്ന ആരോവില്ലിൽ ഇന്ന് 45 രാജ്യങ്ങളിൽ നിന്നുള്ള സാന്നിധ്യമുണ്ട്.*

*അരബിന്ദോ മഹർഷിയുടെ ആദർശങ്ങളിൽ സൂചിപ്പിച്ചിരുന്ന ഈ ആശയത്തിന് രൂപം കൊടുക്കുന്നത് മഹർഷിയുടെ തന്നെ അനുയായി ആയിരുന്ന മദർ ആണ്. ഭാരത സർക്കാരിനു മുമ്പിൽ അവർ സമർപ്പിച്ച പ്രോജക്ട് അംഗീകരിക്കപ്പെടുകയും, 1966-ൽ യുനെസ്കോ മാനവ ഐക്യത്തിന്റെ പ്രായോഗിക ദർശനമായി ആരോവില്ലിനെ പിന്തുണയ്ക്കുകയും ചെയ്തു. 1968 ഫെബ്രുവരി 28 ന് 124 രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ ഒരാൽമരത്തിന്റെ ചുവട്ടിൽ ഒരുമിച്ചുകൂടി പ്രതിജ്ഞയെടുത്തതോടെ ആരോവില്ലിന് തുടക്കമായി. പ്രതിനിധികൾ എല്ലാവരും അവരവരുടെ മാതൃരാജ്യത്തെ ഒരു പിടി മണ്ണ് കൊണ്ടുവന്ന് നിക്ഷേപിച്ചുകൊണ്ടാണ് ആരോവില്ലിന് അടിത്തറ പാകിയത്.*

*ആരോവില്ലിൽ ലോകപൗരൻമാരായി ജീവിക്കുന്ന 2200 ഓളം വിവിധ ദേശക്കാരുണ്ട്. അവർ മനുഷ്യരാശിക്കും ലോകത്തിനും ഗുണകരമായ, സുസ്ഥിരമായ ക്രിയാത്മക പരീക്ഷണങ്ങളും ഗവേഷണങ്ങളും നടത്തിവരുന്നു. പാരമ്പര്യേതര ഊർജ്ജം, വാസ്തുശാസ്ത്രം, അനുയോജ്യ സാങ്കേതികതകൾ, പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം, വിദ്യാഭ്യാസം, കൃഷി, ബദൽ ഉൽപന്നങ്ങൾ, ബൊട്ടാണിക്കൽ ഗാർഡൻ തുടങ്ങി വിവിധ മേഖലകളിൽ ഒട്ടേറെ വിജയിച്ച മാതൃകകളും പരീക്ഷണ പ്രവർത്തനങ്ങളും ഇവിടെയുണ്ട്.*

*ആരോവിൽ പ്രതിനിധികൾ ഉൾപ്പെട്ട അസംബ്ലിയും സാർവ്വദേശീയ ഉപദേശസമിതിയും ഗവേണിംഗ് ബോഡിയും അടങ്ങിയ ആരോവിൽ ഫൗണ്ടേഷനാണ് ഈ ആഗോളഗ്രാമത്തിന്റെ മേൽനോട്ടം വഹിക്കുന്നത്. ആരോവിൽ ചാർട്ടർ ഇങ്ങനെ പ്രഖ്യാപിക്കുന്നു:*

*ആരോവിൽ മുഴുവൻ മനുഷ്യരാശിക്കുമുള്ളതാണ്. വിശുദ്ധമായ അവബോധത്തോടെ മാനവികതയ്ക്കു വേണ്ടി സമർപ്പിച്ചവരുടേത്. അവസാനിക്കാത്ത വിദ്യാഭ്യാസത്തിന്റെയും പുരോഗതിയുടെയും യുവത്വത്തി*

...ശേഷം അടുത്ത പേജിൽ



ജോ സാക്കോ

പാലസ്തീനിലെ ആയാലും ബോസ്നിയയിലെ ആയാലും സുഖകരമല്ലാത്ത ജീവിത കാഴ്ചകൾ കൂടി കോമിക്കുകൾക്ക് വിഷയമാക്കുന്നതിലെ ധീരതയാണ് ജോ സാക്കോ എന്ന കോമിക് ജേണലിസ്റ്റിനെ വ്യത്യസ്തനാക്കുന്നത്.

# കോമിക് ഫോർമാറ്റിൽ പത്രപ്രവർത്തനം

ബിജു ജോൺ

കോമിക് ജേണലിസം എന്ന നൂതന ആശയത്തിന്റെ പ്രമുഖ വക്താവാണ് ജോ സാക്കോ (Joe Sacco). അമേരിക്കയിലെ ലോസ് ആഞ്ചൽസിൽ ജീവിക്കുന്നു. ലോകം മുഴുവൻ സഞ്ചരിച്ച് കോമിക് റിപ്പോർട്ടിംഗ് നടത്തി വിവിധ പത്ര മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നു.

കോമിക് എന്നാൽ കുട്ടികൾക്ക് മാത്രം വായിച്ച് രസിക്കാനുള്ളത് എന്ന പരമ്പരാഗത വീക്ഷണങ്ങളിൽ നിന്ന് വഴിമാറി ഏത് ഗഹനവിഷയവും കോമിക്കിന് വിഷയമാക്കാം എന്ന് ജോ പ്രയോഗിച്ച് വിജയിച്ചപ്പോൾ അത് കോമിക് ജേണലിസം എന്ന നൂതന കലാസങ്കേതമായി മാറുകയായിരുന്നു. ഗാർഡിയൻ ഉൾപ്പെടെയുള്ള ലോകോത്തര പത്രങ്ങൾക്ക് വേണ്ടിവരെ ജോ കോമിക് റിപ്പോർട്ടിംഗ് നടത്തി. യാത്രയിൽ തൽപ്പരനായ ജോ ഓരോ യാത്രയും ഓരോ കോമിക് രചനകളാക്കി. ഗൾഫ് യുദ്ധത്തെത്തുടർന്ന് ജോയുടെ എഴുത്തും വരയും മധ്യഏഷ്യയിൽ തമ്പടിച്ചു. ഇറാഖിലെ അധിനിവേശം, പാലസ്തീനിലെ നരവേട്ടകൾ ഇവയൊക്കെ കോമിക് സ്ട്രിപ്പുകളായി ലോകശ്രദ്ധ നേടി. 'പാലസ്തീൻ' എന്ന പേരിൽ തയ്യാറാക്കിയ കോമിക് പുസ്തകം മധ്യഏഷ്യയിലെ രാഷ്ട്രീയ-സാമൂഹിക അവസ്ഥകളുടെ നേർചിത്രീകരണമാണ്. അതേ മാതൃകയിൽ ബോസ്നിയൻ യുദ്ധവും ജോ കോമിക് ഫോർമാറ്റിലാക്കി.

ഇന്ത്യയിലെ ഗ്രാമീണ ദാരിദ്ര്യം വിഷയമാക്കി ഒരു ഫ്രഞ്ച് പ്രസിദ്ധീകരണത്തിന്റെ അസൈൻമെന്റുമായി ജോസ് ഇന്ത്യയിലുമെത്തി. യുദ്ധങ്ങളെക്കുറിച്ച് എഴുതിയും വരച്ചും മടുത്ത് അൽപ്പം ശ്രദ്ധ മാറ്റാനാണ് പുതിയ വിഷയങ്ങൾ തിരഞ്ഞ് ഇന്ത്യയിലെത്തിയത്. ലഖ്നോവിലെ പ്രീയൂഷ് ശ്രീവാസ്തവ എന്ന പത്രപ്രവർത്തകനെയും കൂട്ടി ഉത്തർപ്രദേശിലൂടെ സഞ്ചരിച്ച് ജോ കോമിക് റിപ്പോർട്ട് തയ്യാറാക്കി. കുശിനഗർ ജില്ലയിലെ പാവപ്പെട്ട ദലിത് ജനങ്ങളുടെ ദുരിതം അദ്ദേഹം ഗ്രാഫിക് ഭാഷയിലൂടെ ആവിഷ്കരിച്ചു. മായാവതിയുടെ ഉത്തർപ്രദേശ് സത്യത്തിൽ എന്തായിരുന്നുവെന്ന് അതിസൂക്ഷ്മമായി അദ്ദേഹം ചിത്രീകരിച്ചു.

കമ്പ്യൂട്ടർ ഉപയോഗിക്കാതെ തികച്ചും ഹാൻഡ്മെയ്ഡ് ആയി കറുത്ത വരകളിൽ തീർത്ത ഈ ശക്തമായ ദൃശ്യാവരണം അനുപമമാണ്. യാത്രകളിൽ കാണുന്ന കാഴ്ചകൾ ഗ്രാഫിക് രൂപത്തിൽ പുനർജനിക്കുകയാണ്. പാലസ്തീനിലെ ആയാലും ബോസ്നിയയിലെ ആയാലും സുഖകരമല്ലാത്ത ജീവിത കാഴ്ചകൾ കൂടി കോമിക്കുകൾക്ക് വിഷയമാക്കുന്നതിലെ ധീരതയാണ് ജോ സാക്കോ എന്ന കോമിക് ജേണലിസ്റ്റിനെ വ്യത്യസ്തനാക്കുന്നത്.

ജോയുടെ ഒരു കോമിക്കിൽ നിന്ന്






## നിങ്ങൾക്കും വരയ്ക്കാം
## കോമിക് ജേണലിസം ശിൽപശാല

കോമിക് എന്നാൽ കേവലം നേരംപോക്കല്ല. ഏത് ശക്തമായ ആശയാവിഷ്കാരവും ഫലപ്രദമായി നടത്താൻ പറ്റിയ നല്ല മാധ്യമം തന്നെയാണ് കോമിക്കുകൾ.

പേന കൊണ്ട് വരയ്ക്കുന്ന ഹാൻമെയ്ഡ് കോമിക്കുകൾ വരയുടെ സൗന്ദര്യത്തേക്കാൾ അതിന്റെ വിഷയം, പ്രതിപാദിക്കുന്ന രീതി, നാടകീയത ഇവ കൊണ്ട് കൂടിയാണ് ശ്രദ്ധേയമാകുന്നത്. താൽപര്യമുള്ളവർക്ക് ലിറ്റിൽ മാസിക കോമിക് നിർമ്മാണത്തിൽ ശിൽപശാല നടത്തുന്നു.പങ്കെടുക്കുന്നവരുടെ സൗകര്യാർത്ഥം വിവിധ സ്ഥലങ്ങളിൽ വെച്ച് നടത്തുന്നു.പരിമിതമായ വിഭവങ്ങൾ/ചിലവ് മാത്രമേ ആവശ്യമുള്ളൂ. ലോകോസ്റ്റ് രീതി.
ചിത്രകലയിൽ അതിപ്രാവീണ്യം വേണമെന്നില്ല. താൽപര്യവും അത്യാവശ്യം അഭിരുചിയും മാത്രം ഉണ്ടായാൽ മതി. വിളിക്കാം- *ലിറ്റിൽ മാസിക, ചുങ്കത്തറ, മലപ്പുറം-679 334, ഫോൺ: 9946428284*

**.....ആരോവിൽ**

*ന്റെയും സ്ഥാനം. ഭൂതകാലത്തിനും ഭാവിക്കുമിടയിലുള്ള ഒരു പാലമായി നിലകൊള്ളാൻ ആരോവിൽ ആശിക്കുന്നു. മാനവിക ഐക്യത്തിൽ ഊന്നിക്കൊണ്ടുള്ള ഭൗതികവും ആത്മീയവുമായ ഗവേഷണങ്ങൾ നടക്കാനുള്ള ഒരു കേന്ദ്രമാണിത്. ചെന്നൈയിൽ നിന്ന് കോറമാണ്ഢൽ തീരത്ത് 160 കിലോമീറ്റർ അകലെ, പോണ്ടിച്ചേരിയിൽ നിന്ന് 10 കിലോമീറ്റർ അകലെയാണ് ആരോവിൽ സ്ഥിതിചെയ്യുന്നത്. സന്ദർശനത്തിന് താൽപര്യമുള്ളവർക്ക് വിലാസം:*
*Auroville Guest Service, Solar Kitchen Complex, Auroville, Tamil Nadu, India-605 101*
*Tel: (0413) 262270*
*avguests@auroville.org.in*
*Web: www.auroville.org*

# പള്ളിക്കൂടവിശേഷങ്ങൾ

ബാബു ഐ.പി. കടമ്പോട്



*മേരി റോയി*

**മേരി റോയിയുടെ പള്ളിക്കൂടം 45 വർഷത്തിന് ശേഷവും സമാനതകളില്ലാത്തതാവുന്നതിനെക്കുറിച്ച്..**

'എങ്ങനെയാണ് ശില്പങ്ങൾ സൃഷ്ടിക്കുന്നത്' എന്ന ചോദ്യത്തിന് വിഖ്യാത ശിൽപിയും ചിത്രകാരനുമായ മൈക്കലാഞ്ചലോ നൽകിയ മറുപടി ഇങ്ങനെ: 'വെണ്ണക്കല്ലിൽ ഓരോരോ രൂപങ്ങൾ ഉണ്ട്. അതൊഴിച്ച് ബാക്കിയുള്ളതെല്ലാം ചെത്തിമാറ്റിയാൽ മതി.' 'എജ്യുക്കേഷൻ' എന്ന വാക്കിന്റെ എറ്റിമോളജി 'പുറത്തുകൊണ്ടുവരിക' എന്ന അർത്ഥത്തിലുള്ള ലാറ്റിൻപദമാണ്.

കുട്ടിയെ ഉത്തമപൗരനാക്കി ചെത്തിമിനുക്കിയെടുക്കേണ്ടുന്ന പണിശാലകളായ വിദ്യാലയങ്ങൾക്ക് അതിനു കഴിയുന്നുണ്ടോ എന്ന സന്ദേഹം കൂടുതൽ ബലപ്പെടുകയാണ്. ആത്മവിശ്വാസവും പ്രതീക്ഷയും നഷ്ടപ്പെട്ട കുട്ടികൾ.. തങ്ങളിലെ ശക്തിയും തന്റേടവും തിരിച്ചറിയാൻ സഹായിക്കാത്ത വിദ്യാലയങ്ങൾ... സർവ്വോപരി ജീവിക്കാൻ - ജീവിതം പഠിപ്പിക്കാത്ത ഇടങ്ങൾ.

പേരിനൊപ്പം 'ഇന്റർനാഷണൽ' എന്നു കൂട്ടിച്ചേർത്തു പറയുന്ന ധാരാളം ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ നമ്മുടെ നാട്ടിലുണ്ട്. ബഹുനില കോൺക്രീറ്റ് കെട്ടിട സമുച്ചയങ്ങൾ, പോക്കുവരവിന് ആഢംബര വാഹനവും ഓടിക്കാൻ യൂണിഫോം ധരിച്ച ഡ്രൈവറും, നീന്തൽ, ഹോഴ്സ് റൈഡിംഗ്, ഗോൾഫ് എന്നിവ പഠനവിഷയങ്ങൾ... കോമ്പൗണ്ടിനകത്ത് സദാ ആംഗലേയം പേശുന്ന കുട്ടികൾ.. കടുത്ത നിയന്ത്രണങ്ങൾ... പരീക്ഷ, റാങ്ക്, ഹോംവർക്ക്.. എല്ലാം കൂടി കുട്ടിയെ കടുത്ത മാനസിക സമ്മർദ്ദത്തിലാക്കുന്ന അന്തരീക്ഷം.. ഞെക്കിപ്പഴുപ്പിക്കുന്ന അധ്യാപകരും രക്ഷിതാക്കളും. അഡ്മിഷൻ സമയത്ത് ലക്ഷങ്ങൾ ഡൊണേഷൻ, പിന്നെ ഓരോ ടേമിനും ഇന്റർനാഷണൽ ഫീസും.. എന്നിട്ടും അഡ്മിഷൻ കിട്ടാനായി പരക്കം പായുന്ന രക്ഷിതാക്കൾ.. മേൽ പറഞ്ഞതിൽ നിന്ന് തികച്ചും വിഭിന്നമായ വിദ്യാഭ്യാസ ദർശനവും സമീപനവുമായി കഴിഞ്ഞ 45 വർഷമായി പ്രവർത്തിച്ചുവരുന്ന ഒരു സ്കൂളിനെ പരിചയപ്പെടാം- കോട്ടയത്തെ പള്ളിക്കൂടം സ്കൂൾ.

## ആരംഭം

സ്കൂൾ പഠനം കുട്ടിക്ക് പീഢാനുഭവമാണ് സമ്മാനിക്കുന്നതെന്ന് സ്വന്തം അനുഭവത്തിൽ നിന്നും മനസ്സിലാക്കുകയും അതിനോടു പൊരുത്തപ്പെടാൻ കഴിയാതിരിക്കുകയും ചെയ്ത ഒരമ്മ നിരവധി പ്രതികൂല ചുറ്റുപാടുകളോട് മല്ലിട്ട് ഒരു സ്കൂൾ തുടങ്ങി.. വെറും ഏഴുകുട്ടികളേയും വെച്ച്; ഇന്ന് കോട്ടയം പട്ടണത്തിൽ നിന്നും ഏതാനും കിലോമീറ്റർ മാത്രം അകലെ വടവാതൂർ കളത്തിപ്പടിയിൽ പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചുവരുന്ന 'പള്ളിക്കൂട'ത്തിന്റെ പിറവി അങ്ങനെയായിരുന്നു. ക്രിസ്ത്യൻ പിന്തുടർച്ചാവകാശം സംബന്ധിച്ച് നിരന്തരം നിയമപോരാട്ടങ്ങൾ നടത്തി വിജയിച്ച മേരി റോയിയാണ് ആ അമ്മ. പ്രശസ്ത എഴുത്തുകാരിയും ആക്ടിവിസ്റ്റുമായ അരുന്ധതിറോയിയുടെ അമ്മ കൂടിയാണവർ. ആരംഭത്തിൽ അരുന്ധതിയും അവിടുത്തെ വിദ്യാർത്ഥിയായിരുന്നു.

1967-ൽ റോട്ടറി ക്ലബ്ബിന്റെ ഒരു വാടകമുറിയിലാണ് 'കോർപ്പസ്ക്രിസ്റ്റി' എന്ന പേരിൽ സ്കൂൾ തുടങ്ങിയത്. ഭാരമാവാത്തതും സ്വതന്ത്രവുമായ വിദ്യാഭ്യാസത്തിലൂടെ കുട്ടിയുടെ സമഗ്രവികസനമാണ് ഇതിന്റെ ലക്ഷ്യം. 2000-ലാണ് 'പള്ളിക്കൂട'മെന്ന പേരിട്ടത്. ഇന്ന് 444 കുട്ടികളും 52 അധ്യാപകരുമുണ്ട്. 7 പേരൊഴികെ എല്ലാം സ്ത്രീകൾ. പ്രായാധിക്യം മൂലം മേരിറോയി സ്കൂൾ ചുമതലകളിൽ നിന്ന് മാറി നിൽക്കുന്നുണ്ടെങ്കിലും ഇപ്പോഴും അവർ അവിടെത്തന്നെയാണുള്ളത്. ജൂനിയർ സ്കൂൾ, മിഡിൽ സ്കൂൾ, ഹൈസ്കൂൾ, ഹയർസെക്കണ്ടറി എന്നിങ്ങനെ 4 വിഭാഗമാണുള്ളത്. നഴ്സറി ജൂനിയർ സ്കൂൾ വിഭാഗത്തിൽ പെടുന്നു.



## സവിശേഷതകൾ:


7-ാം തരത്തിലും 9-ാം തരത്തിലുമൊഴിച്ച് ഡിവിഷനുകൾ ഇല്ല. ബാക്കി ഓരോ സ്റ്റാന്റേർഡിലും ഓരോ ക്ലാസ്സ് മാത്രം. കൂടുതൽ അഡ്മിഷൻ, കൂടുതൽ ഡിവിഷനുകൾ എന്നിവ അവരുടെ ലക്ഷ്യമല്ല. രക്ഷിതാക്കളെയും കുട്ടിയെയും കൂടിക്കാഴ്ച നടത്തിയാണ് അഡ്മിഷൻ. പണമല്ല മാനദണ്ഡം. 7-ാം തരം വരെ പരീക്ഷ, ടെക്സ്റ്റ് പുസ്തകം, ഹോംവർക്ക് ഇവയില്ല. ടെക്സ്റ്റ് പുസ്തകം കൊടുത്താൽ രക്ഷിതാക്കൾ പഠിപ്പിച്ചു കുളമാക്കുമെന്നതു കൊണ്ടാണത്രെ അങ്ങനെ ചെയ്യുന്നത്. ഓരോ ക്ലാസ്സിലും 35 കുട്ടികൾ മാത്രം. 3-ാം തരം വരെ ബോധനമാധ്യമം മാതൃഭാഷയായ മലയാളമാണ്. ഇംഗ്ലീഷ്-മലയാളം ഭാഷകൾക്ക് തുല്യമായ പ്രാധാന്യമാണ് നൽകുന്നത്.

ഇംഗ്ലീഷ് പഠനം ABCD കാണാപാഠം പഠിപ്പിച്ചുകൊണ്ടല്ല. ഇംഗ്ലീഷ് ചെറിയക്ഷരം ഫ്ളാഷ് കാർഡിൽ ഒരു ചിത്രത്തോടൊപ്പം രേഖപ്പെടുത്തുന്നു. അതുകാണിച്ച് ആ അക്ഷരത്തിന്റെ ഉച്ചാരണശബ്ദം മാത്രം പരിചയപ്പെടുത്തുന്നു. A എന്നതിന് 'അ' എന്നുപറയുന്നു. 4-ാം തരത്തിലെത്തുമ്പോൾ മാത്രമാണ് വലിയക്ഷരം വരുന്നുള്ളൂ. 'a' എന്നെഴുതിയ കാർഡിൽ ആപ്പിളിന്റെ ചിത്രം, 'b' യിൽ പന്ത്.

മറ്റു ക്ലാസ്സുകളിലും നൂതന പ്രബോ

ബസ്സിൽ കയറി അയാൾ സീറ്റിനായി പരതി. കുറച്ച് നേരം ബസ്സിൽ യാത്ര ചെയ്യേണ്ടതാണ്. ഒരു സീറ്റ് കിട്ടിയിരുന്നെങ്കിൽ! പെട്ടെന്ന് ഒരു യുവാവ് കൈപിടിച്ച് വലിച്ച് തന്റെ അടുത്തുള്ള സീറ്റ് കാണിച്ച് ഇരിയ്ക്കാൻ പറഞ്ഞു. തന്റെ പഴയ വല്ല പരിചയക്കാരുമാവും തന്നെ സീറ്റിൽ പിടിച്ചിരുത്തിയത് എന്ന് ചിന്തിച്ചിരുന്നപ്പോൾ യുവാവ് പറഞ്ഞു: എനിക്ക് ചേട്ടനെ പരിചയമൊന്നുമില്ല. താങ്കളുടെ തൊട്ടുപിറകിൽ ഒരു തടിയനുണ്ടായിരുന്നു. അയാൾ എന്റെ അടുത്തുള്ള സീറ്റിലേക്ക് നോക്കുന്നത് ഞാൻ കണ്ടു. ചേട്ടൻ ആളൊരു സ്ലിം അല്ലേ. അതുകൊണ്ട് പെട്ടെന്ന് ചേട്ടനെ പിടിച്ചിരുത്തി. ഭാഗ്യം അയാൾ മാറിപ്പോയി!! അയാളെ ഞാൻ എന്റെ അടുത്തിരു

ആൽബർട്ട് ഐൻസ്റ്റീനെ കുറിച്ച് ഇങ്ങനെയൊരു കഥയു്. അദ്ദേഹത്തിന്റെ അന്ത്യനാളുകളിൽ അദ്ദേഹം പറഞ്ഞുവത്രെ: "എന്റെ ജീവിതം പാഴായിപ്പോയോ എന്നെനിക്ക് തോന്നിപ്പോവാറു്. ഞാൻ അതിവിദൂരങ്ങളായ നക്ഷത്രങ്ങളിലേക്ക് അന്വേഷണം നടത്തി. എന്നാൽ എന്നിലേക്കുതന്നെ അന്വേഷണം നടത്താൻ ഞാൻ മറന്നുപോയി. ഞാൻ തന്നെയായിരുന്നു ഏറ്റവും അരികിലത്തെ നക്ഷത്രം!"



ധന തന്ത്രമാണ് പിന്തുടരുന്നത്. ഗ്രൂപ്പ് പ്രവർത്തനങ്ങൾക്കാണ് പ്രാമുഖ്യം. ഒറ്റക്കൊറ്റയ്ക്ക് ഗ്രേഡിംഗ് ഇല്ല. ആൺ-പെൺ തുല്യത ഉറപ്പുവരുത്തുന്നു. കുട്ടികൾക്ക് ടൈംടേബിൾ ഇല്ല. അത് അധ്യാപകർക്കുമാത്രം. ഒരേ സമയം ഒരു ക്ലാസ്സ് മുറിയിൽ രണ്ട് അധ്യാപകരാണുണ്ടാവുക. ഒരു പ്രധാന അധ്യാപികയും ഒരു സഹാധ്യാപികയും. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മാറ്റിയിരുത്തി പറഞ്ഞുകൊടുക്കുന്നത് പ്രധാന അധ്യാപികയുടെ ചുമതലയാണ്. ആവശ്യമായ സാഹചര്യത്തിൽ സഹാധ്യാപിക ഒരേസമയം ഒന്നിലധികം ക്ലാസ്സ് മുറികളിൽ സേവനം നടത്താറുണ്ട്. ആകെ ഒരു സ്കൂൾ ബസ്സ് ആണുള്ളത്.

സ്കൂൾ സമയത്തു നടത്തുന്ന Extracurricular activities ആണ് കായിക വിദ്യാഭ്യാസം, നാടകം, യോഗ, പാചകം, തുന്നലും വസ്ത്രനിർമ്മാണവും, ചിത്രംവര, ശില്പനിർമ്മാണം, നീന്തൽ എന്നിവ. സ്കൂൾ സമയത്തിനു ശേഷം നടത്തുന്നവയാണ് കരാട്ടേ, ഡാൻസ്, ഓർഗൻ, ഗിറ്റാർ, കർണാടക സംഗീതം, കഥകളി, ഭരതനാട്യം എന്നിവ.

കുട്ടിയെ ഡോക്ടറോ, എഞ്ചിനീയറോ, ആക്കുകയല്ല സ്ഥാപനത്തിന്റെ ലക്ഷ്യമെന്ന് ആദ്യമേ രക്ഷിതാക്കളോട് പറയാറുണ്ട്. കുട്ടിയുടെ യഥാർത്ഥ അഭിരുചിയും താൽപര്യവും അനുസരിച്ചുള്ള പഠനമേഖലകളിലേക്കാണ് 12-ാം തരത്തിനുശേഷം വിടുന്നത്. ട്യൂഷൻ അനുവദിക്കാറില്ല. 2011-ലെ പ്ലസ്ടു ബാച്ചിലെ കുട്ടികൾ പുറത്തുവന്നശേഷം ഏതു സ്ഥാപനത്തിൽ, ഏതു കോഴ്സിനു പഠിക്കുന്നുവെന്ന് പള്ളിക്കൂടത്തിന്റെ സ്കൂൾ മാഗസിനിൽ പറയുന്നുണ്ട്. മെഡിസിന് ചേർന്ന ആരുമില്ല. 10 കുട്ടികൾ വ്യത്യസ്തമായ എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ പഠിക്കുന്നു. സാഹിത്യം, മനഃശ്ശാസ്ത്രം, നിയമം, ഗണിതം, മാസ്മീഡിയ, ഹോട്ടൽ മാനേജ്മെന്റ് എന്നിങ്ങനെ വ്യത്യസ്ത മേഖലകളിൽ പഠിക്കുന്നവരാണ് കുട്ടികൾ. മിക്കവരും കേരളത്തിനു പുറത്തുള്ള പ്രശസ്തമായ സ്ഥാപനത്തിൽ ഉന്നതമായ നിലയിൽ എം.ടെക് പൂർത്തിയാക്കിയ ഒരു കുട്ടി എല്ലാമുപേക്ഷിച്ച് കൃഷിയിലേക്ക് തിരിഞ്ഞ അനുഭവവും പ്രിൻസിപ്പാൾ ജോൺ ജോസ് വിവരിച്ചു.

'സ്വാഹ' എന്ന പേരിൽ ഒരു കൃഷിയിടവും പള്ളിക്കൂടത്തിനുണ്ട്. കൃഷി പരിചയപ്പെടുന്നതിനായി കുട്ടികളും അധ്യാപകരും അവിടെപ്പോയി കൃഷിപ്പണികൾ ചെയ്യാറുണ്ടത്രേ.

ICSE സിലബസ്സാണ് പിന്തുടരുന്നത്. അതിന്റെ ഭാഗമായി 9, 10 ക്ലാസ്സുകളിൽ പരീക്ഷയുണ്ട്. അത് മുന്നിൽക്കണ്ടുകൊണ്ടുള്ള പഠനവിഷയങ്ങളും പഠനശ്രമവും അധ്യാപകർ തന്നെ തയ്യാറാക്കുകയാണ് ചെയ്യുന്നത്. കുട്ടികൾ സാമൂഹ്യ പ്രതിബദ്ധത വിളിച്ചോതുന്ന തെരുവുനാടകങ്ങൾ ചെയ്യാറുണ്ട്. എൻഡോസൾഫാൻ വിഷയത്തിൽ നാടകം കളിച്ചിട്ടുണ്ട്.

ഒരു വലിയ കുന്നിന്റെ അടി മുതൽ മുകൾ വരെ അങ്ങിങ്ങായി വ്യാപിച്ചുകിടക്കുന്ന പ്രകൃതിസൗഹൃദവും മനോഹരവുമായ ചെറു ചെറു കെട്ടിടങ്ങളാണ് ഉള്ളത്. ലാറി ബേക്കറാണ് ഇതിന്റെ രൂപകൽപ്പന നിർവ്വഹിച്ചത്. കോസ്റ്റ്ഫോഡാണ് പിന്നീടിതു തുടർന്നത്. ചരിഞ്ഞ ഭൂപ്രകൃതി മാറ്റിമറിക്കാതെയാണ് കെട്ടിടനിർമ്മാണം. കുട്ടികളുടെ ഹോസ്റ്റലുകളും പല സ്ഥലത്തായുള്ള ചെറു കെട്ടിടങ്ങളാണ്. കുന്നിൻമുകളിലാണ് നീന്തൽക്കുളം. മികച്ച ലൈബ്രറിയും കമ്പ്യൂട്ടർ ലാബും കളിസ്ഥലവുമുണ്ട്.

ക്ലാസ്സ് മുറികൾ പൊതുവിൽ ശിശുകേന്ദ്രിതവും ആകർഷകവുമാണ്. ചെറിയ ക്ലാസ്സിൽ കുട്ടികൾ ചെരുപ്പ് പുറത്തഴിച്ചുവെക്കുന്നു. തറയിലിരുന്നാണ് പഠനം. ബെഞ്ചും ഡെസ്കും കസേരയും ഇല്ല. ഒരടി മാത്രം പൊക്കമുള്ള 4-5 മേശയ്ക്കു ചുറ്റുമിരുന്നാണ് പഠനപ്രവർത്തനങ്ങൾ. ക്ലാസ്സ് മുറിയുടെ 3 ഭാഗത്തും ബോർഡ് ഉണ്ട്. ചെറിയ ക്ലാസ്സുകാർക്കുവേണ്ടി Sand Pit ഉണ്ട്. ഒരു മുറി നിറയെ മണൽ, വെള്ളം ഒഴിച്ച്, ശേഷം അതുകൊണ്ട് മണൽ രൂപങ്ങൾ തീർക്കുന്നതും പഠനപ്രവർത്തനമാണ്!


പഠനം ആഘോഷമാക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് നമുക്കിനി ആവശ്യം. ജോണിനെ ലാറ്റിൻ പഠിപ്പിക്കുവാൻ ലാറ്റിൻ മാത്രമല്ല ജോണിനെയും അറിയണമെന്ന് പറയാറുണ്ട്. അപ്രകാരം കുട്ടിയെ അറിയുന്ന, അവരുടെ അഭിരുചിയും താൽപര്യവും സ്വപ്നങ്ങളുമറിയുന്ന അധ്യാപകരും പഠനാന്തരീക്ഷവും രൂപപ്പെട്ടേ മതിയാകൂ.


**ലിറ്റിൽ മാസികയെ**

**നിലനിർത്തുക.. വാർഷിക വരിസംഖ്യ 100 രൂപ**

**മണി ഓർഡർ അയക്കാം. അക്കൗണ്ടിലേക്കും പണമയക്കാം**

**അക്കൗണ്ട് നമ്പർ-ബിജു ജോൺ 0857101067932 (കാനറ ബാങ്ക് എടക്കര ശാഖ)**



ജീവിതത്തിന്റെ
ലളിതപാഠങ്ങൾ
അക്കു

# എന്തിനിത്രമേൽ പ്രണയം ഈ മടവാളുകളോട്....?

ഇക്കഴിഞ്ഞ ഓണക്കാലത്ത് മഞ്ചേരിയിൽ ഐ.ആർ.ഡി.പി. വിപണന മേളയിൽ ഞങ്ങളുടെ സന്നദ്ധസംഘടനയ്ക്ക് ഒരു സ്റ്റാളുണ്ടായിരുന്നു. ബദൽ ഉൽപന്നങ്ങളും പരിസ്ഥിതി-പ്രകൃതി ജീവന പുസ്തകങ്ങളും മറ്റുമായിരുന്നു സ്റ്റാളിൽ വിൽപ്പനയ്ക്ക് വെച്ചിരുന്നത്. സാധനങ്ങൾ എല്ലാം നിരത്തിവെച്ച് മൂന്നുദിവസത്തെ വിപണനത്തിനായി പ്രവർത്തകർ മാറി മാറി സ്റ്റാളിലിരുന്നു. കുറച്ചുസമയം ഞാനും ഇരുന്നു.

പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാതെ അവിടെയിരിക്കുമ്പോൾ മുന്നിലൂടെ നടന്നുനീങ്ങുന്ന ആൾക്കൂട്ടത്തെ വെറുതെ നിരീക്ഷിച്ചുകൊണ്ടിരുന്നു. വിവിധ ശരീരഭാഷകളും ഭാവങ്ങളുമായി വരുന്ന വ്യത്യസ്ത പ്രായക്കാരായ മനുഷ്യർ. സ്റ്റാളുകളിലെ സാധനങ്ങൾ എടുത്തുനോക്കി വിലപേശുന്നവർ. കൗതുകത്തോടെ വീക്ഷിക്കുന്നവർ. രസകരമായ കമന്റുകൾ പാസ്സാക്കുന്നവർ.. അങ്ങനെയങ്ങനെ..

ഞങ്ങളുടെ തൊട്ടടുത്ത സ്റ്റാൾ ഒരു കരുവാന്റെ (കൊല്ലപ്പണിക്കാരൻ -Blacksmith)തായിരുന്നു. അവിടെ അയാൾ നിർമ്മിച്ച വെട്ടിത്തിളങ്ങുന്ന മൂർച്ചയേറിയ കത്തികളും കഠാരകളും മടവാളുകളുമൊക്കെ നിരത്തിയിരിക്കുന്നു. ഈ ആയുധങ്ങളുടെ മിന്നിത്തിളങ്ങുന്ന വക്കുകൾ കണ്ട് എന്റെയുള്ളിൽ ഒരുതരം പുളിപ്പ് അനുഭവപ്പെടുന്നുണ്ടായിരുന്നു. ചിലപ്പോൾ ഈ ആയുധക്കൂട്ടങ്ങൾ തിങ്ങിനിരങ്ങി ഞങ്ങളുടെ സ്റ്റാളിലെ പുസ്തകങ്ങളുടെ മുകളിൽ അതിക്രമിച്ച് കയറും. അവിടെ ജോൺസിയും ഫുക്കുവോക്കയും ശിവപ്രസാദ് മാഷുമൊക്കെ എഴുതിയ, സാത്വികരായ ഗുരുക്കൻമാരെ പോലെ സൗമ്യമായി സംസാരിക്കുന്ന പുസ്തകങ്ങൾ ഉണ്ട്. ഈ പുസ്തകങ്ങൾക്കു മുകളിൽ മടവാൾ അതിർത്തി ലംഘിച്ച് കേറി കിടക്കുന്നതു കാണുമ്പോൾ വല്ലാത്തൊരു വിഷമം തോന്നും.

കരുവാന്റെ സ്റ്റാളിൽ എപ്പോഴും തിരക്കാണ്. ആളുകൾ വന്ന് കത്തികൾ എടുത്ത് തിരിച്ചും മറിച്ചും നോക്കി മൂർച്ച പരിശോധിച്ച് തിരിച്ചുവെക്കുമ്പോൾ ഇരുമ്പ് കൂട്ടിമുട്ടുന്ന ശബ്ദം! ഈ ശബ്ദം, ആളുകൾ അധികമൊന്നും ഗൗനിക്കാത്ത സ്റ്റാളിൽ ഒറ്റയ്ക്കിരുന്ന് ഞാൻ അസ്വസ്ഥതയോടെ കേട്ടുകൊണ്ടിരുന്നു.

എന്നാൽ എനിക്ക് ഏറ്റവും അസ്വസ്ഥത ജനിപ്പിച്ച മറ്റൊരു കാഴ്ച അയൽക്കാരന്റെ സ്റ്റാളിൽ ഇടയ്ക്കിടെ അരങ്ങേറിക്കൊണ്ടിരിക്കുന്നുണ്ടായിരുന്നു. അസ്വസ്ഥതയോടൊപ്പം എന്റെയുള്ളിൽ വല്ലാത്തൊരു ഭീതിയും ഇതു വളർത്തി.

തിക്കിത്തിരക്കി വരുന്ന ആൾക്കൂട്ടത്തിനിടയിൽ നിന്ന് ചെറുപ്പക്കാരിൽ പലരും ഈ ആയുധക്കൂട്ടത്തിലേക്ക് വിടർന്ന കണ്ണുകളോടെ വരുന്നു. പ്രത്യേകിച്ച് കൗമാരപ്രായം തോന്നിപ്പിക്കുന്ന കുട്ടികൾ. അവർ കൗതുകത്തോടെ കൂട്ടുകാരുമൊത്ത് കത്തികൾ പരിശോധിക്കുന്നു. മടവാൾ കയ്യിലെടുത്ത് ചെറുതായൊന്നു വീശി നോക്കിയും വക്കിൽ തൊട്ടു മൂർച്ച നോക്കിയ തൃപ്തിയടഞ്ഞും രസിച്ചും പരസ്പരം അഭിപ്രായം പറയുന്നു. മേള കാണാൻ വരുന്നവർ സ്വാഭാവികമായ ഒരു കൗതുകത്തോടെ സാധനങ്ങൾ കയ്യിലെടുത്ത് പരിശോധിക്കുകയല്ലേ എന്നു സ്വയം സമാധാനിക്കാൻ ശ്രമിച്ചുനോക്കി.

ബാഗുകൾ പിടിച്ചുനോക്കും പോലെ, ടീഷർട്ടുകൾ ശരീരത്തിൽ വെച്ച് ചേർച്ച പരിശോധിക്കും പോലെ, പാലട വിൽക്കുന്നിടത്തുനിന്ന് അതു നുണഞ്ഞ് രുചിച്ചുനോക്കും പോലെ... എന്തോ.. ഈ ആയുധപരിശോധന എനിക്കങ്ങനെയങ്ങ് ഉൾക്കൊള്ളാൻ പറ്റുന്നില്ല. സാധാരണ തൊഴിലാളികൾ വന്ന് അവർക്ക് പണിക്ക് അനുയോജ്യമായ ആയുധങ്ങൾ നോക്കുമ്പോഴോ, സ്ത്രീകൾ അടുക്കളയിലേക്ക് പറ്റുന്ന കത്തികൾ നോക്കുമ്പോഴോ തോന്നുന്ന സ്വാഭാവികതയല്ല ചെറുപ്പക്കാർ ആഹ്ലാദത്തോടെ മടവാളെടുത്ത് നോക്കുമ്പോൾ തോന്നുന്നത്! ഒരുപക്ഷേ വിലകൊടുത്ത് വാങ്ങുന്നുണ്ടാവില്ല. എങ്കിലും ആയുധക്കടയിൽ തിക്കിത്തിരക്കി നിന്ന് നോക്കി തിരഞ്ഞെടുക്കാൻ ഈ കുട്ടികൾക്ക് എന്തു കൗതുകമാണ് പ്രേരണയാകുന്നത്?

ഇടയ്ക്ക് ഒരു ചെറുപ്പക്കാരൻ വന്ന് ഒരു മടവാളെടുത്ത് കയ്യിൽ തൂക്കിപിടിച്ച് ഒന്നു വിറപ്പിച്ച് പരിശോധിച്ച് കരുവാനോട് ചോദിക്കുന്നതു കേട്ടു. 'ഇതിലും കുറച്ചുകൂടി നീളമുള്ള സൈസുണ്ടോ?' അയാൾ ഇല്ലെന്നു പറയുന്നു. 'ഒന്നുണ്ടാക്കിത്തരാമോ' യെന്ന് ചെറുപ്പക്കാരൻ ശബ്ദം താഴ്ത്തി ചോദിക്കുന്നു. പറ്റില്ല, അതിന് ചില ബുദ്ധിമുട്ടുകളുണ്ട് എന്ന് കരുവാൻ പറയുന്നു. ആ ചെറുപ്പക്കാരൻ ഒന്നു മാറിനിന്ന് മൊബൈൽ വിളിക്കുന്നു. അയാൾ ഉണ്ടാക്കി തരില്ല എന്നാണ് പറയുന്നത് എന്ന് അടക്കിപ്പിടിച്ച സ്വരത്തിൽ ഫോണിൽ പറയുന്നത് കേട്ടു.

അമ്പതും അമ്പത്തൊന്നുമൊക്കെ വെട്ടി മനുഷ്യനെ കൊത്തിനുറുക്കുന്ന വാർത്തകളും പിടിച്ചെടുക്കുന്ന ആയുധങ്ങളുമൊക്കെ മാധ്യമങ്ങളിലൂടെ കണ്ടു ശീലിച്ചതുകൊണ്ടായിരിക്കും ഈ മടവാളുകൾ എന്നെ പേടിപ്പിക്കുന്നത്! തെരുവുപട്ടികൾ മടവാളുകൊണ്ട് വെട്ടേറ്റ് ചത്തുകിടന്ന വാർത്തകൾ അറിയുന്നതുകൊണ്ടായിരിക്കും ഞാനിത്ര നടുങ്ങുന്നത്!

തെങ്ങിൽ പട്ട വെട്ടിയിടാനും മടവാളുപയോഗിക്കുന്നുണ്ടല്ലോ. ഈ ചെറുപ്പക്കാരൻ ഒരുപക്ഷേ അത്തരമൊരാവശ്യത്തിനായിരിക്കില്ലേ മടവാളു വാങ്ങാൻ താൽപര്യം കാണിക്കുന്നത്? പോസിറ്റീവായി ചിന്തിക്കണമല്ലോ!

എങ്കിലും നീളം കൂടിയ മടവാൾ നിർമ്മിച്ചുതരാൻ ആവശ്യപ്പെടുമ്പോഴും അടക്കിപിടിച്ച് മൊബൈലിൽ സംസാരിക്കുമ്പോഴും ആ ചെറുപ്പക്കാരന്റെ പുഞ്ചിരി വറ്റിപ്പോയ മുഖത്ത് കണ്ട കനത്ത ഗൗരവം എന്നെ പേടിപ്പിക്കുന്നു!



ഉണ്ണിമൊയ്തീൻ

# ഉണ്ണിമൊയ്തീനും നമ്മളും തമ്മിൽ

*നിലമ്പൂരിനടുത്ത ഞെട്ടിക്കുളം സ്വദേശി കണ്ണിയൻ ഉണ്ണിമൊയ്തീൻ ഇക്കഴിഞ്ഞ ജൂലൈ 23 ന് കോഴിക്കോട് വെച്ച് റോഡു മുറിച്ചുകടക്കാൻ ശ്രമിക്കവെ ബസ് തട്ടി പരിക്കുപറ്റിയാണ് മരണപ്പെട്ടത്. പുലർച്ചെ എഴുന്നേറ്റ് പേരമകന്റെ പഠനവുമായി ബന്ധപ്പെട്ട ആവശ്യത്തിന് പേരമകനെയും കൂട്ടി കോഴിക്കോട്ട് എത്തിയതായിരുന്നു. രാവിലെ ഒമ്പതരമണി സമയം. റോഡിൽ നല്ല തിരക്കുണ്ടായിരുന്നു. കുട്ടിയെയും പിടിച്ച് റോഡ് മുറിച്ചുകടക്കാൻ പാകത്തിന് ഡിവൈഡറിന് ചാരെ നിൽക്കുകയായിരുന്നു. മൊബൈലോ മറ്റോ വീണത് എടുക്കാൻ ഒന്ന് കുനിഞ്ഞതാണ്. പുറകെ വന്ന ബസ് തട്ടി പരിക്കേറ്റു. തുടർന്ന് മരണവും സംഭവിച്ചു.*

*കാൽനടക്കാർ, സൈക്കിൾ സവാരിക്കാർ, മോട്ടോർ ബൈക്ക് യാത്രക്കാർ, വഴിയോര കച്ചവടക്കാർ... ഇവരൊക്കെയാണ് റോഡപകടങ്ങളിൽ ഇരകളാവുന്നവരിൽ കൂടുതൽ. നമ്മുടെ നിരത്തുകൾ ഒരിക്കലും ഇത്തരക്കാരെ പരിഗണിക്കുന്നേയില്ല. ഓരോ ദിവസവും നിരത്തിൽ ഇറങ്ങുന്ന ആഢംബരകാറുകളിൽ സഞ്ചരിക്കുന്നവരുടെ സുരക്ഷ പലവിധത്തിൽ ഉറപ്പാക്കിയിട്ടുണ്ട്. സീറ്റ് ബെൽറ്റ്, അപകടം ഉണ്ടായാൽ സുരക്ഷിത കവചം തീർക്കുന്ന ബലൂൺ എന്നിങ്ങനെ പല സംവിധാനങ്ങളും ഉണ്ട്. പക്ഷേ കാൽനടക്കാർ....??,*

*നടുറോഡിൽ പൊലിയുന്ന അമൂല്യ ജീവനുകളിൽ ഒന്നാണ് ഉണ്ണിമൊയ്തീൻ. തപാൽവകുപ്പിൽ നിന്ന് പിരിഞ്ഞ് വീട്ടുകാര്യങ്ങളിൽ വ്യാപൃതനായി സാമാന്യം ആരോഗ്യത്തോടെ ജീവിക്കുമ്പോൾ 72-ാം വയസ്സിലും അദ്ദേഹത്തിന് മരിക്കാൻ പ്രായമായില്ല എന്നാണ് അദ്ദേഹത്തെ അറിയുന്നവർ പറയുക. പേരമകന്റെ കാര്യത്തിനു വേണ്ടി നടത്തിയ യാത്രയിലാണല്ലോ ആ ജീവൻ പൊലിഞ്ഞത്. ആകസ്മികം തന്നെയാണ് ആ മരണം.*

*പത്രത്താളിൽ വരുന്ന 'വഴിയാത്രക്കാരൻ ബസ് തട്ടി മരിച്ചു' എന്ന എല്ലാ വാർത്തകൾക്കു പിന്നിലും ഇതുപോലെ കുറെ നോവുകൾ. അവർ ഓരോരുത്തരും വെറും യാത്രക്കാരല്ല. ആരുടെയൊക്കെയോ പ്രിയപ്പെട്ടവർ..!! വാഹനങ്ങൾ ഓടിക്കുമ്പോൾ ചെറിയ ഒരു ശ്രദ്ധയോ ജാഗ്രതയോ പുലർത്തിയാൽ അത് നിരത്തിലെ സാധാരണക്കാരായ ആരുടെയൊക്കെയോ പ്രിയപ്പെട്ടവരെ രക്ഷിക്കും. അൽപം പതുക്കെ ചുറ്റും നോക്കി സിഗ്നലും നിരത്തും ശ്രദ്ധിച്ച് യാത്ര തുടരാനുള്ള ചെറിയ ഒരു പരിശ്രമം വലിയ അപകടങ്ങളെയാണ് ഒഴിവാക്കുന്നത്.*

# സ്പർശങ്ങൾ

എം.പി. പ്രതീഷ്

കൂടുതൽ തുറന്ന ഒരിടത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾ ഞങ്ങളെ കൊണ്ടെത്തിച്ചത് ഈ മുനമ്പിലായിരുന്നു. മുഴുവൻ ദിവസവും തീവണ്ടിയുടെ രേഖീയമായ സഞ്ചാരത്തിൽ, തിരക്കില്ലായാത്രയിൽ, കായലുകളുടെ കാറ്റുതട്ടി, ഒരു പൂർണ്ണചന്ദ്രന്റെ പ്രകാശത്തെ സ്വീകരിച്ച് മൂന്നു കടലുകൾക്കു നടുവിലെത്തിച്ചേരുന്നു. തുറസ്സുള്ള ഒരു സമുദ്രത്തിനു മുകളിൽ പച്ചകലർന്ന ജലത്തിന്റെ മൂന്നാം കരയിലായിരുന്നു, ഞങ്ങളപ്പോൾ. വെളിച്ചം ജനിക്കുന്നതും വളരുന്നതും ലോകത്തിനെ മൂടുന്നതും കണ്ടു. അനേകഭാഷകളുടെ, അനേകദേശങ്ങളുടെ, അനേക ജാതി മനുഷ്യരുടെ ഒരു ചെറിയ മുനമ്പിൽ അകപ്പെട്ടുകൊണ്ട്. അവിടെ നിൽക്കുമ്പോൾ മനുഷ്യർ മാത്രമാവുന്നു. മറ്റെല്ലാ വസ്ത്രങ്ങളും ഉപ്പുവെള്ളത്തിൽ അഴിഞ്ഞുപോവുന്നു മണലിലും സമുദ്രജലത്തിലും ഇറങ്ങിനിന്നു. കാറ്റുപാടങ്ങളുടെയും യാനങ്ങളുടെയും വിദൂരദൃശ്യങ്ങൾ.

നിരന്തരമായ ചലനമായിരുന്നു, ആയിടം. കറുത്ത പാറക്കൂട്ടങ്ങളിൽ കൂട്ടമായ് പടർന്നുകേറിയ പച്ചപ്പായൽപ്പാടകൾ. അവയിൽ കാലുകൾ വഴുതിക്കൊണ്ടിരുന്നു. പറിച്ചെടുക്കാനാവാത്ത അത്ര ആഴത്തിലാണ് അവയുടെ വേരുകൾ. എപ്പോഴുമുള്ള നനവിൽ അവയുടെ ജന്മം പലയിടത്തും ചിത്രത്തുന്നലുകളോ ചുവരെഴുത്തുകളോ ആയി. അവയ്ക്കിടയിൽ ഇതുവരെയും കാണാതിരുന്ന കുറേയധികം ജലപ്രാണികൾ. തോടുള്ളതും ഇല്ലാത്തതും. ഉപ്പിന്റെ കുഞ്ഞുങ്ങൾ.

വെള്ളത്തിലിറങ്ങി, തിരകളിൽ അലയുകയും തളരുകയും ചെയ്തു. പാറകളിലിടിച്ച് കാൽ മുറിഞ്ഞു. ഓരോ അലയുടെ വന്നുപോകലിലും അടിയുന്ന കക്കകളിലും ചിപ്പികളിലും ഞങ്ങൾ തങ്ങിനിന്നു. പലനിറങ്ങൾ. വലുപ്പങ്ങൾ. അരികുകൾ. ആകൃതികൾ. കല്ലെന്നു കരുതി കൈയിലെടുത്തത് പെട്ടെന്ന് അനങ്ങിത്തുടങ്ങുന്ന കൗതുകം. മാംസളമായ ശരീരത്തിനു മുകളിൽ അതിന്റെ അഭയം. അതിന്റെ വീട്. അതിന്റെ ഗർഭഗൃഹം. അതൊരു ചെറു കടൽജീവിയായിരുന്നു. ഒരു മൊളസ്ക് (Mollusc). തോടുള്ള ജീവി. നേരത്തേ ഒരിക്കൽ കാടിന്റെ കരിമ്പച്ച നിറത്തിലുള്ള ഒരു മനുഷ്യന്റെ പേനയിൽ ഇതിനെ, ചില ഒച്ചുകളെ, നമ്മൾ കണ്ടിട്ടുണ്ട്. മേതിലിന്റെ ഒച്ചുകൾ. അവയുടെ പഗോഡകൾ. കിഴക്കിന്റെ വാസ്തുവിദ്യയുടെ പ്രാഗ്‌രൂപത്തെ അവർ കണ്ടെത്തിയത് ഈ കടൽജീവികളിൽ നിന്നായിരിക്കും. തീർച്ച. ബൗദ്ധവിഹാരങ്ങളിലെ ക്ഷേത്രഗോപുരം പോലെ ഈ സൂക്ഷ്മത, അതിലെ ഇത്തിരി ജീവൻ, എന്റെ കൈവെള്ളയിലിരുന്നു കരയുന്നു. ഞാനതിനെ താഴെ വെള്ളത്തിലേക്ക് വെച്ചു. അത് അതിന്റെ സ്വപ്നത്തിലേക്കും യാഥാർത്ഥ്യത്തിലേക്കും നീന്തുകയാവണം. ഞങ്ങൾ ഒരു പിടി, താമസക്കാരില്ലാത്ത തോടുകളും ചെറിയ കല്ലുകളുമായി മടങ്ങുന്നു. ആയിടത്തിന്റെ ഉപ്പുനിറഞ്ഞ മണൽത്തരികൾ ഞങ്ങളുടെയെല്ലാം മുടിയിഴകളിലും കുപ്പായനൂലുകളിലും പറ്റിപ്പിടിച്ച് ഒപ്പം പോരുന്നു. കടലോ, പുഴയോ അടുത്തില്ലാത്ത നാട്ടിലെ പാർപ്പിടത്തിലേക്ക്.

## രചനകൾ ക്ഷണിക്കുന്നു

ചിദംബരം മാസികയുടെ വാർഷികപതിപ്പിലേക്ക് കഥകൾ, കവിതകൾ, ലേഖനങ്ങൾ തുടങ്ങിയവ ക്ഷണിക്കുന്നു.

വിലാസം: ചിദംബരം മാസിക, മയ്യനാട് പി.ഒ., കൊല്ലം-691 303.

കൃഷിപാഠം

# നെൽവയലിലെ കന്നി അയ്യപ്പൻമാർ

അബ്ദുള്ളക്കുട്ടി എടവണ്ണ

**നെൽകൃഷി ചെയ്തു പരിചയമില്ലാത്ത ഉദ്യോഗസ്ഥരും പ്രകൃതിസ്നേഹികളുമായ നാലുപേർ വയലിലിറങ്ങി കൃഷി തുടങ്ങിയതിന്റെ അനുഭവപാഠങ്ങൾ. ഇവരുടെ തയ്യാറെടുപ്പുകളും പാളിച്ചകളും ഉൾപ്പെടെയുള്ള അനുഭവങ്ങൾ കൃഷിചെയ്യാൻ താൽപര്യമുള്ളവർക്ക് പ്രചോദനമാകുമെന്ന് പ്രതീക്ഷയോടെ..**

ഒരുപാട് നാളായി ജൈവകൃഷിയുടെ ആശയങ്ങൾ മനസ്സിലിട്ടു നടക്കാൻ തുടങ്ങിയിട്ട്. വായിച്ചും കേട്ടറിഞ്ഞും കൃഷിയിടങ്ങൾ കണ്ടും, ഇതിലെല്ലാമുപരി ആശയങ്ങൾ പറഞ്ഞുനടന്നും കാലമങ്ങനെ കഴിച്ചു. ഇതിനിടെ വാഴയും കപ്പയും പച്ചക്കറിയുമൊക്കെ കുറേശ്ശെ ചെയ്തുനോക്കി. വലിയ വിജയമൊന്നുമുണ്ടാകാറില്ലെങ്കിലും ഈ പ്രക്രിയ നന്നായി ആസ്വദിക്കാറുണ്ട്.

ഇപ്പോൾ നെൽകൃഷിയിലേക്കിറങ്ങാനുള്ള സമയവും സൗകര്യവുമൊത്തുവന്നു. ഒറ്റക്കു ചെയ്യാനുള്ള ധൈര്യമില്ലായിരുന്നു. ആശയങ്ങളുടെ പങ്കുവെയ്പ്പ് സജീവമായി കൊണ്ടുനടക്കുന്ന ചങ്ങാതിക്കൂട്ടത്തിൽ നിന്ന് മൂന്നുപേരെ കൂട്ടിനു കിട്ടി. ഹനീഫ, ഫിറോസ്, ആറുമുഖൻ. എളുപ്പത്തിൽ എത്തിപ്പെടാവുന്ന സ്ഥലത്ത് രണ്ടേക്കർ വയൽ പാട്ടത്തിനു കിട്ടി.

ഞങ്ങൾ നാലുപേരും നെൽകൃഷി ചെയ്തു പരിചയമില്ലാത്തവരാണ്. എങ്കിലും ജൈവരീതി മതിയെന്ന് ഉറച്ചവിശ്വാസമുള്ളവർ!

വയലിനടുത്തുള്ള നെൽകൃഷി നന്നായറിയുന്ന പരിചയക്കാരായ മൂന്നാലു കർഷകത്തൊഴിലാളികളെ കണ്ടു സംസാരിച്ചു. അവർ പിന്തുണയും മാർഗ്ഗ നിർദേശങ്ങളും തന്നു. കൃഷിപ്പണിയിൽ സഹകരിക്കാൻ സൻമനസ്സുള്ള കുറച്ചു സ്ത്രീകളെയും കണ്ടുറപ്പിച്ചു. ഇതായിരുന്നു ആദ്യത്തെ ഹോംവർക്ക്.

പിന്നെ വിത്തന്വേഷിച്ചു. രാസവളവും കീടനാശിനിയും തൊട്ടുതീണ്ടാത്ത കൃഷിക്ക് ഏറ്റവും അനുയോജ്യം നാടൻ വിത്താണ് എന്ന് കേട്ടിട്ടുണ്ട്. അതെങ്ങനെ എവിടെ കിട്ടുമൊന്നൊന്നും അറിയില്ല. സമയത്തിന് കൃഷിപ്പണികൾ തുടങ്ങുകയും വേണം. കിട്ടുന്ന വിത്ത് വെച്ച് തുടങ്ങുക തന്നെ എന്ന് തീരുമാനിച്ചു. നാട്ടിലെ ഒരു കൃഷിക്കാരനിൽ നിന്ന് 'കരുണ' എന്ന വിത്ത് കിട്ടി. ഇത് നാലു നാലര മാസം മൂപ്പുള്ള ഉയരം കൂടിയ നെല്ലിനമാണ്. അതിനിടെ തൊട്ടടുത്ത കണ്ടത്തിൽ കൃഷി ചെയ്യുന്നയാളിൽ നിന്ന് അയാൾ പാകിമുളപ്പിച്ച അധികം വന്ന 'ഉമ' എന്ന ഞാറും കുറച്ചുകിട്ടി. ഇതിന് 'കരുണ'യെ അപേക്ഷിച്ച് മൂപ്പ് കുറവാണ്. ഉയരം കുറഞ്ഞ ഇനവുമാണ്. രണ്ടു കണ്ടത്തിൽ 'ഉമ' പരീക്ഷിക്കാൻ തീരുമാനിച്ചു. കണ്ടമൊരുക്കാൻ പാടശേഖര സമിതിയുടെ ട്രാക്ടർ ഏൽപിച്ചു. കൃഷിഭവനിൽ നിന്ന് ജൈവരീതിക്കുള്ള പിന്തുണയും കിട്ടി. ഏകദേശം 25,000 രൂപയോളം ചിലവ് വരുമെന്ന് കണക്കുകൂട്ടി.

ഇനി വിത്തു മുളപ്പിക്കണം. കണ്ടത്തിൽ പച്ചിലവളം ഇടണം. ചാണകമോ കോഴിക്കാഷ്ടമോ വേണം. അതിനെല്ലാമുള്ള ഒരുക്കം തുടങ്ങി.

ഞങ്ങളുടെ സഹായിയായ ബാലന്റെ അമ്മ പറഞ്ഞുതന്ന രീതിയിൽ വിത്തു മുളപ്പിക്കാൻ തീരുമാനിച്ചു. പതിരു കളഞ്ഞ വിത്ത് ചാണകവെള്ളത്തിൽ മുക്കി, തടമുണ്ടാക്കി അതിൽ വാഴയില വെട്ടിയിട്ട് ഇടയിൽ നെല്ലിമരത്തിന്റെ ഇലകൾ ഇട്ട് വിത്ത് ഇട്ട് മൂടി.

എടപ്പാളിലെ ജൈവകർഷകനായ ചന്ദ്രൻ മാസ്റ്ററെയും പട്ടാമ്പി കൊപ്പത്തെ 'അഭയ'ത്തിലെ കൃഷിയിടങ്ങളും കണ്ടു. വിശദാംശങ്ങൾ നോട്ടുകുറിച്ചു.

ഇതിനിടെ തിരുനാവായിലെ മാധവൻ നമ്പൂതിരിയിൽ നിന്ന് 'കുറുവ' എന്ന നാടൻ വിത്ത് രണ്ടുപറ കിട്ടി.

എന്തായാലും വെള്ളത്തിലിറങ്ങി നീന്തൽ പഠിക്കുക തന്നെ! കണ്ടത്തിലിറങ്ങി കൃഷിചെയ്തു തന്നെ പഠിക്കാൻ ഞങ്ങൾ നാൽവർ സംഘം തീരുമാനിച്ചുറപ്പിച്ചു. രണ്ടേകാൽ ഏക്കർ വയലിൽ മൂന്നുതരം നെല്ലിനങ്ങൾ പരീക്ഷിച്ചുകൊണ്ടുള്ള ഞങ്ങളുടെ കൃഷിപ്രവർത്തനങ്ങൾക്ക് അങ്ങനെ തുടക്കമായി എന്നു പറയാം.

(തുടരും)

## *ബന്ധുത്വ സുന്ദരമായ മനസ്സുകൾക്ക്...*

*സമൂഹത്തിലും കുടുംബങ്ങൾക്കുള്ളിലും വ്യക്തികൾ തമ്മിലും അന്യത്വം കൊണ്ട് വീർപ്പുമുട്ടിയിട്ടും ഒരു ഇറ്റ് ബന്ധുത്വം കാട്ടുവാൻ ഭയപ്പെടുന്ന ഇക്കാലത്തും ഏതൊരാൾ വിചാരിച്ചാലും സദാ ബന്ധുത്വ സുന്ദരമായ മനസ്സുമായ് ആനന്ദത്തോടെ ജീവിക്കാനാകും എന്നതാണ് സത്യം. ഇതിന് അടിസ്ഥാനമായി വേണ്ടത്:*

*1) മറ്റെല്ലാവരും മനസ്സ് മാറ്റുവാൻ തയ്യാറാകുന്നതുവരെ കാത്തിരിക്കാതെ സ്വന്തം മനസ്സ് തുറന്ന് അന്യത്വം പൂർണ്ണമായും പുറത്തുകളഞ്ഞ ശേഷം ബന്ധുത്വം കൊണ്ട് മനസ്സ് നിറക്കണം.*

*2) മറ്റുള്ളവരോട് ബന്ധുത്വം കാട്ടുമ്പോൾ അവരിൽ നിന്നും ആദ്യമാദ്യം ഉണ്ടാകുവാൻ സാധ്യതയുള്ള പരിഹാസവും അപമാനവും സഹിക്കുവാൻ തയ്യാറാകുക.*

*3) വീട്ടിലായാലും നാട്ടിലായാലും ജോലി സ്ഥലത്തായാലും വ്യക്തി വ്യത്യാസം കൂടാതെ എല്ലാവരോടും സ്നേഹാദരവോടെ ബന്ധുത്വം കാട്ടി ക്ഷേമാന്വേഷണങ്ങൾ നടത്തുക.*


*4) തന്റെ നിലനിൽപ്പിനെ ബാധിക്കാത്ത ചെറുതും വലുതുമായ സഹായസഹകരണങ്ങൾ മറ്റുള്ളവർക്ക് ചെയ്യുക.*

*5) മാനുഷിക ധ്യാനം, മൈത്രിസാധന, ജൈവാർച്ചന എന്നിവ അനുഷ്ഠിക്കുകയും മറ്റുള്ളവർക്ക് പകർന്നു കൊടുക്കുകയും ചെയ്യുക.*

*6) ദയ, ദാക്ഷിണ്യം, കാരുണ്യം, സ്നേഹം, ഇഷ്ടം, പാരസ്പര്യം, സാഹോദര്യം, സൗഹൃദം, മിത്രത, അന്യോന്യത, മനുഷ്യത്വം, ബന്ധുത്വം എന്നിങ്ങനെ തുടരുന്ന നൻമ നിറഞ്ഞ കാര്യങ്ങൾ മാത്രം ചിന്ത, വാക്ക്, പ്രവൃത്തി എന്നിവയിൽ കൊണ്ടുവരിക.*

*കൂടുതൽ വിവരങ്ങൾക്കും പരിശീലനങ്ങൾക്കും ബന്ധുത്വ ക്യാമ്പുകൾക്കും ബന്ധപ്പെടുക.*

*വിലാസം: ബന്ധുത്വ സുന്ദര മന്ദിരം*
*നാചറൽ വില്ലേജ് ട്രസ്റ്റ് (രജിസ്റ്റർ നമ്പർ: 426/2008)*
*പഴവടി ഗ്രാമം, നെടുമങ്ങാട് പി. ഒ.,തിരുവനന്തപുരം-695541*
*Mob: 9446160918, 8714290742, 9287664732*




## ലിങ്കണും പക്ഷിക്കുഞ്ഞും

എബ്രഹാം ലിങ്കൺ അഭിഭാഷകനായിരിക്കുമ്പോൾ നടന്ന കഥയാണ്....

എബ്രഹാം ലിങ്കന്റെ ഹൃദയത്തിന്റെ അലിവ് പലപ്പോഴും സഹ അഭിഭാഷകർക്ക് തമാശയ്ക്കുള്ള വക നൽകിയിരുന്നു. ഒരു ദിവസം സാധാരണ സുഹൃത്തുക്കൾക്കൊപ്പം അദ്ദേഹം കുതിര സവാരി നടത്തുകയായിരുന്നു. പെട്ടെന്ന് ലിങ്കനെ കാണാനില്ല. അവരിലൊരാൾ പക്ഷിയുടെ ദീനമായ രോദനം കേട്ടു തിരിഞ്ഞുനോക്കി. രണ്ടു പക്ഷിക്കുഞ്ഞുങ്ങൾ കൂടിൽ നിന്നും തെറിച്ച് വീണിരിക്കുന്നു. അവരുടെ കരച്ചിലാണ് കേൾക്കുന്നത്. വെറുതെയല്ല ലിങ്കനെ കാണാതായത്. അവരൂഹിച്ചു. ഊഹം ശരിയുമായിരുന്നു.

ലിങ്കൻ കുതിരയെ കടിഞ്ഞാണിട്ടു പിടിച്ചുനിർത്തി. എന്നിട്ട് വേലി കയറി നിലത്തുവീണ പക്ഷികളെ എടുത്തു. മൃദുവായി അവയെ കൈവെള്ളയിലെടുത്ത് നോക്കി. മരക്കൊമ്പിൽ കിളിക്കൂടും കണ്ടു. അദ്ദേഹം മരത്തിൽ ഒരു കൈകൊണ്ടു പിടിച്ചുകയറി കിളിക്കുഞ്ഞുങ്ങളെ അവയുടെ കൂട്ടിൽ നിക്ഷേപിച്ചു. അദ്ദേഹത്തിന്റെ ചങ്ങാതിമാർ അദ്ദേഹത്തെ പരിഹസിച്ചു! ഇതൊരു വല്ലാത്ത ദയവു തന്നെ. പക്ഷേ ലിങ്കൻ മറുപടി പറഞ്ഞു: നിങ്ങൾക്കു ചിരിച്ചു രസിക്കാം. പക്ഷേ അവയെ രക്ഷിക്കാതെ പോയാൽ ഈ രാത്രി എനിക്ക് ഉറങ്ങാൻ പോലുമാവില്ല. അമ്മക്കിളിയുടെയും കുഞ്ഞുങ്ങളുടെയും കരച്ചിൽ കാതിലങ്ങനെ വന്നലച്ചു കൊണ്ടിരിക്കും.



ഈ ലക്കം കിട്ടിയാൽ വായിച്ചിട്ട് പ്രതികരിക്കണെ...

-ലിമാ

# വെയിലു കൊള്ളാത്തവരോട്...!!

ജയപ്രകാശ് നിലമ്പൂർ

മഞ്ഞും മഴയും വെയിലുമേറ്റാൽ അസുഖം വരുമെന്ന പേടിയിൽ ഇവയിൽ നിന്നെല്ലാം അകന്നുകഴിയുന്നവർ സൂക്ഷിക്കുക. കൂടുതൽ അസുഖങ്ങൾ നിങ്ങളെ കാത്തിരിക്കുന്നു. വെയിലു കൊള്ളാത്തവരിൽ പ്രമേഹസാധ്യത വളരെയേറെയാണെന്നും വിറ്റാമിൻ $D_3$ യുടെ അഭാവം വർദ്ധിക്കുന്നത് രോഗപ്രതിരോധശേഷി കുറയ്ക്കാൻ ഇടയാക്കുന്നുണ്ടെന്നും ഗവേഷകർ പറയുന്നു. ത്വക്കിന്റെ സ്വാഭാവികത നിലനിർത്താനും തൊലിപ്പുറമെയുള്ള രോഗങ്ങളിൽ നിന്ന് രക്ഷ നേടാനും കാലത്തും വൈകീട്ടും കുറച്ചുസമയം വെയിൽ കൊള്ളണമെന്നാണ് ആധുനികശാസ്ത്രവും നിഷ്കർഷിക്കുന്നത്. പകലന്തിയോളം മുഴുവൻ വെയിൽ കൊണ്ട് പാടത്തും പറമ്പിലും ഭക്ഷണമുൽപാദിപ്പിച്ചവരെ അവജ്ഞയോടെ കണ്ടവരെല്ലാം അവരുടെ ഓജസ്സിന്റെ രഹസ്യം നേരിട്ടേറ്റ സൗരോർജ്ജമാണെന്ന് തിരിച്ചറിയുക. ഗർഭിണികൾ വെയിലു കൊള്ളാത്തത് നവജാത ശിശുക്കളിൽ മഞ്ഞപ്പിത്തത്തിന് നിരന്തരം കാരണമായിട്ടും നാം ഒരു പാഠവും പഠിച്ചില്ല. ഇപ്പോൾ കാലിഫോർണിയയിലെ ഒരു സംഘം വൈദ്യ ഗവേഷകർ പറയുന്നത് ഗർഭിണികൾ ദിവസവും ഒരു മണിക്കൂറെങ്കിലും കാലത്തും വൈകീട്ടും വെയിൽ കൊള്ളണമെന്നാണ്. സൂര്യനെ ആരാധനയോടെ എല്ലാ കാലത്തും കാണാൻ കഴിയേണ്ടതുണ്ട്!

## ചാക്കരി സ്ഥിരം കഴിക്കുന്നവരോട്..!!

അരി മുഖ്യാഹാരമായ കേരളത്തിൽ മിക്കവർക്കും പ്രിയം ചാക്കരിയോടാണ്. ചാക്കിൽ വന്നിരുന്ന അരി-ചാക്കരിയായി. മൈദ പോലെ ചണ്ടിയായ ചാക്കരി സ്ഥിരം കഴിക്കുന്നത് ആരോഗ്യകരമല്ല എന്ന തിരിച്ചറിവിൽ പച്ചരിയോ, കുത്തരിയോ ശീലമാക്കാൻ എല്ലാവരും ശ്രമിക്കേണ്ടതുണ്ട്. ചാക്കരിയിലെ സ്റ്റാർച്ചിന്റെ മുക്കാൽ പങ്കും വാണിജ്യാവശ്യത്തിനെടുത്തുള്ള 'അവശിഷ്ടം' സ്ഥിരം കഴിക്കുന്ന മലയാളികൾക്കിടയിൽ അധികരിക്കുന്ന പോഷകദാരിദ്ര്യത്തിന് ചാക്കരി ഭക്ഷണവും മുഖ്യ കാരണമാണെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ധാന്യങ്ങളിലെ തവിടിലൂടെ കിട്ടേണ്ട പോഷകങ്ങൾ ലഭിക്കാത്തതുമൂലം ഹൃദ്രോഗങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ എല്ലാ വീട്ടിലും ചാക്കരി ബഹിഷ്കരിക്കാൻ അമ്മമാർ തയ്യാറാവണം. വിദ്യാലയങ്ങളിലെ ചാക്കരിച്ചോറിന് അവസാനം കുറിക്കാനും പി.ടി.എ കമ്മറ്റികൾക്ക് കഴിയേണ്ടതാണ്. കഞ്ഞിവെള്ളം വെറുതെ കളയാതെ വീട്ടിലെല്ലാവരും കഞ്ഞിവെള്ളം 'റൈസ് ജ്യൂസാ'യി കുടിച്ചു ശീലിക്കാനും ശ്രമിക്കണം. കഴുകിയാൽ കളറുപോകാത്ത യഥാർത്ഥ മട്ടയരി തന്നെ വാങ്ങാനും നല്ല ശ്രദ്ധ വേണം.

## എന്നും ഫാനിനു തൊട്ടുതാഴെ കിടന്നുറങ്ങുന്നവരോട്..!!

എന്നും ഫാനിനു താഴെയുറങ്ങുന്നവർക്ക് പക്ഷാഘാത സാധ്യത ഏറെയെന്ന് ഡൽഹി ഓൾ ഇന്ത്യ മെഡിക്കൽ സയൻസസിലെ ഒരു സംഘം ഡോക്ടർമാരുടെ മുന്നറിയിപ്പ്. സുരക്ഷ മുൻനിർത്തി എല്ലാ ജനവാതിലുകളും അടച്ചുപൂട്ടി ഫാൻ ഫുൾസ്പീഡിൽ കറക്കി ഉറങ്ങുന്നവരെ, ഈ മുന്നറിയിപ്പ് നിങ്ങൾക്കുള്ളതാണ്. ഭാരതത്തിലെ 8 സംസ്ഥാനങ്ങളിലെ 38 നഗരങ്ങളിൽ നടത്തിയ 6 വർഷം നീണ്ട പഠനങ്ങൾക്കുശേഷം സമർപ്പിച്ച റിപ്പോർട്ടിലാണ് ജീവിതശൈലി രോഗങ്ങളിലെ നിരവധി വിഷയങ്ങൾക്കൊപ്പം ഈ മുന്നറിയിപ്പ്. വേനൽക്കാലത്ത് പോളിസ്റ്റർ വസ്ത്രങ്ങളും ഉപയോഗിക്കുന്നത് ഒഴിവാക്കാനും വൈദ്യുതിയിൽ തിളപ്പിച്ച വെള്ളം കുടിക്കുന്നത് നിർത്താനും, ചൂടോടെ പ്ലാസ്റ്റിക് പാത്രങ്ങളിലും കുപ്പികളിലും ഒഴിച്ചുവെച്ച വെള്ളം കുടിക്കുന്നത് പൂർണ്ണമായും ഒഴിവാക്കാനും ഇവർ നിർദേശിക്കുന്നു.

***ധാന്യങ്ങളിലെ തവിടിലൂടെ കിട്ടേണ്ട പോഷകങ്ങൾ ലഭിക്കാത്തതുമൂലം ഹൃദ്രോഗങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ എല്ലാ വീട്ടിലും ചാക്കരി ബഹിഷ്കരിക്കാൻ അമ്മമാർ തയ്യാറാവണം.***

# ഗാന്ധിയുടെ ഗീതാവ്യഖ്യാനം യൂസ്ഡ് പുസ്തകമാവുമ്പോൾ

ഡോ: പ്രമോദ് ഇരുമ്പുഴി

ഇന്നും തുടരുന്ന 'ഗൃഹാതുരത്വ'മാർന്ന അനുഭവമാണ് സെക്കന്റ്ഹാൻഡ് പുസ്തകം നോക്കിനടക്കുന്നതും പരതുന്നതും വിലപേശി വാങ്ങുന്നതും. എപ്പോൾ കോഴിക്കോട് പോയാലും ബീച്ചിലോ മാനാഞ്ചിറ സ്ക്വയറിലോ പോകുന്നതിനേക്കാൾ സ്റ്റേഡിയം ബിൽഡിംഗിലും പാളയത്തെ റെയിൽവേ സ്റ്റേഷൻ റോഡിലുമുള്ള 'പഴയ പുസ്തകങ്ങൾ വാങ്ങുന്നു, വിൽക്കുന്നു' എന്ന് ബോർഡ് തൂങ്ങുന്നിടത്ത് എത്താറുണ്ട്. മഞ്ചേരിയിൽ പഴയ പുസ്തകങ്ങൾ വിൽക്കുന്ന കട തുടങ്ങിയപ്പോൾ ഒരുപാട് സന്തോഷിച്ചു. കച്ചവടം കുറവായതിനാൽ പൂട്ടിയപ്പോൾ സങ്കടവും തോന്നി. തൃശ്ശൂർ, എറണാകുളം, കോട്ടയം, തിരുവനന്തപുരം എന്നിവയ്ക്കുപുറമെ മദ്രാസ്, ലഖ്നൗ, കൽക്കത്ത, ഡൽഹി, നേപ്പാളിലെ പൊഖാറ എന്നിവിടങ്ങളിലെ പുസ്തകക്കൂനകളിൽ ഗവേഷണം നടത്തി കുറച്ച് പുസ്തകങ്ങൾ സ്വന്തമാക്കുകയും ചെയ്തു. തിരിച്ചുപോരുമ്പോൾ "Less leggage, more comfort" എന്ന റെയിൽവെ സ്റ്റേഷനിലെ പരസ്യവാചകങ്ങൾക്കു മുമ്പിൽ ഭാരവും താങ്ങി തലതാഴ്ത്തി നടന്നു. അപ്പോഴും ഇഷ്ടപ്പെട്ട പുസ്തകം വിലക്കുറവിൽ ലഭിച്ച സന്തോഷം കൊണ്ട് തലപൊക്കി നടക്കാൻ തോന്നി.

യൂസ്ഡ് പുസ്തകം വാങ്ങിയ കാര്യം ഓർക്കുമ്പോൾ പ്രധാനമായും രണ്ട് അനുഭവങ്ങളാണ് തെളിഞ്ഞുവരുന്നത്. ഒരിക്കൽ തിരുവനന്തപുരം സ്റ്റാച്യൂവിൽ പഴയ പുസ്തകങ്ങളും മാസികകളും മുഖചിത്രം നോക്കിയും പേജുകൾ മറിച്ചും നടക്കുകയായിരുന്നു. ഏഴാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയുടെ അത്രേം പ്രായം തോന്നിക്കുന്ന തൊപ്പിക്കാരനായ 'കൊച്ചുകച്ചവടക്കാരൻ' വലിയ വായിൽ ഒരു ചോദ്യം, "സാറേ, സെക്സ് പുസ്തകം വേണോ?" ഇരുപത്തിയഞ്ചു വയസ്സുകാരനായ ഞാൻ പന്ത്രണ്ടു വയസ്സുകാരന്റെ ചോദ്യം കേട്ട് ചൂളിക്കൊണ്ട് "വേണ്ട" എന്ന് ഒറ്റവാക്കിൽ മറുപടി പറഞ്ഞു. 'അത്തരം പുസ്തകങ്ങളെല്ലാം ഇവിടെ കിട്ടുമോ?' എന്നായി പിന്നത്തെ ചിന്ത. മൊബൈൽഫോണും പെൻഡ്രൈവും ഇന്റർനെറ്റും സുലഭമായ ഇക്കാലത്ത് ഇത്തരം പുസ്തകങ്ങൾ ആര് തേടിപ്പോകാൻ?

ഒരിക്കൽ ചെന്നൈയിലെ റെയിൽവേ സ്റ്റേഷൻ പരിസരത്ത് പുസ്തകക്കൂനകൾ പരതിയപ്പോൾ കാണാനായത് തമിഴ്, ഇംഗ്ലീഷ് പുസ്തകങ്ങൾ മാത്രം. ക്ഷമകെട്ട് കടക്കാരനോട് 'മലയാള പുസ്തകമൊന്നുമില്ലേ?' എന്ന് അറിയാവുന്ന തമിഴിൽ ചോദിച്ചു. 'ഇല്ല' എന്ന് പെട്ടെന്ന് മറുപടി വന്നു. പിന്നെ എന്തോ ഓർത്തുകൊണ്ട് പുസ്തകക്കൂനയുടെ ഇടയിൽ നിന്നും ഒരു പുസ്തകം വലിച്ചെടുത്തു. 'റൊമ്പ നാളാച്ച് ഇതിങ്കെ സെയ്‌ലാകാതെയിറുക്ക്' എന്ന് പറഞ്ഞു. പുറംചട്ടയില്ലാത്ത നല്ല കട്ടിയുള്ള ആ പുസ്തകം ഗാന്ധിജിയുടെ വ്യാഖ്യാനമുള്ള 'അനാസ്ക്തിയോഗം' (പരിഭാഷ: അമ്പാടി ഇക്കാവമ്മ) ആയിരുന്നു. മാതൃഭൂമി ബുക്സ് 1946-ൽ പ്രസിദ്ധം ചെയ്ത ആ പുസ്തകത്തിന് 468 പേജുകളുമുണ്ട്. "ആനന്ദലബ്ധിക്കിനിയെന്തു വേണം?" മുഖവിലയുടെ പകുതിയാണ് യൂസ്ഡ് പുസ്തകങ്ങളുടെ സ്റ്റാന്റേർഡ് വില. ഗാന്ധിയുടെ ഗീതാവ്യാഖ്യാനത്തിന്റെ മുഖവിലയാകട്ടെ രണ്ടു രൂപയും. 'ഡിസ്കൗണ്ടി'ന് നിൽക്കാതെ മുഖവില കൊടുത്ത് ആഹ്ലാദത്തോടെ ഞാൻ സ്ഥലം വിട്ടു. കച്ചവടക്കാരനായ അണ്ണനാകട്ടെ കെട്ടിക്കിടക്കുന്ന 'ആർക്കും വേണ്ടാത്ത' ഒരു പുസ്തകം വിറ്റുപോയ സന്തോഷത്തിലും. ഏറ്റവും വില കുറഞ്ഞ് കിട്ടിയ ആ പുസ്തകമാണ് ഇന്നെന്റെ വീട്ടിലെ കൊച്ചുലൈബ്രറിയിലെ ഏറ്റവും വിലയേറിയ പുസ്തകം.

**പിഷാലച്ചോട്...** -ശ്രീനി 2d




# വിബ്ജിയോർ മേളയിലേക്ക് ചലച്ചിത്രങ്ങൾ അയക്കാം

ചെറു ചലച്ചിത്രങ്ങളുടെയും ഡോക്യുമെന്ററികളുടെയും മറ്റ് ബദൽ സിനിമകളുടെയും മേളയായ **"വിബ്ജിയോർ മഴവിൽ മേള 2013"** ലേക്ക് തൽപ്പരരായ ചലച്ചിത്ര നിർമ്മാതാക്കളിൽ/സംവിധായകരിൽ നിന്ന് ചലച്ചിത്രങ്ങൾ ക്ഷണിക്കുന്നു. 2011 ജനുവരി 1 ന് ശേഷം നിർമ്മിച്ച **ഹ്രസ്വചിത്രങ്ങൾ, ഡോക്യുമെന്ററികൾ, സംഗീത ആൽബങ്ങൾ, അനിമേഷൻ ചിത്രങ്ങൾ, സ്പോട്ട്, പരീക്ഷണ ചിത്രങ്ങൾ** എന്നീ വിഭാഗങ്ങളിലുള്ള ചലച്ചിത്രങ്ങൾ **2012 നവംബർ 30** ന് മുമ്പായി വിബ്ജിയോർ തിരഞ്ഞെടുപ്പ് കമ്മറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കാവുന്നതാണ്.

വിബ്ജിയോർ ചലച്ചിത്ര കൂട്ടായ്മയുടെ ഔദ്യോഗിക വെബ്സൈറ്റ് ആയ **info@vibgyorfilm.org** ലൂടെയാണ് ചലച്ചിത്രങ്ങൾ സമർപ്പിക്കേണ്ടത്. ഒരു ചിത്രം അയക്കുന്നിന് 300 രൂപയാണ് പ്രവേശനഫീസ്. പ്രസ്തുത ഫീ ഡി.ഡി ആയോ പാർ ചെക്ക് ആയോ മുൻകൂട്ടി എടുത്ത് പ്രവേശന ഫോമിൽ വിവരങ്ങൾ രേഖപ്പെടുത്തി അയക്കേണ്ടതാണ്. മുൻവർഷങ്ങളിൽ പരിഗണനയ്ക്കായി സമർപ്പിച്ച ചിത്രങ്ങൾ വീണ്ടും പരിഗണിക്കുന്നതല്ല. (വിബ്ജിയോർ മേളയിലേക്ക് ചലച്ചിത്രങ്ങൾ അയക്കുന്നതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കായി താഴെ ചേർക്കുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക: **9447000830/9447893066, ഇ-മെയിൽ: info@vibgyorfilm.org**

**എൻട്രികൾ അയക്കേണ്ട വിലാസം: സെക്രട്ടറി, വിബ്ജിയോർ ചലച്ചിത്ര കൂട്ടായ്മ, രണ്ടാം നില, കള്ളിയത്ത് ബിൽഡിംഗ്, പാലസ് റോഡ്, തൃശ്ശൂർ-20. വിവരങ്ങൾക്ക്: 9809477058, 9447000830 , info@vibgyorfilm.org**

Rs.10/- Little Masika October-November 2012 2012 Reg No. RN67322/94
Postal Reg.No.KL/MJI/82/2010-12

കാമ്പയിൻ

## സ്വാശ്രയത്വത്തിന്റെ ബദൽവഴികൾ

# പാചകവാതകത്തിൽ സ്വാശ്രയരാകാം

പാചകവാതക പ്രതിസന്ധികളെ തരണം ചെയ്യാൻ സ്വാശ്രയരാകാം. ഒപ്പം മാലിന്യ നിർമാർജ്ജനം സാധ്യമാക്കാം. അടുക്കള മാലിന്യങ്ങളിൽ നിന്ന് പാചകവാതകം നിർമ്മിക്കാൻ ലളിതമായ സാമഗ്രികൾ മാത്രമേ വേണ്ടൂ. മാലിന്യങ്ങൾ നിക്ഷേപിക്കാൻ ആവശ്യമായ ബാരൽ, പി.വി.സി. പൈപ്പ്, ഗ്ലാസ്, വാതകം ശേഖരിക്കാനുള്ള ടയർ ട്യൂബ്, അടുപ്പ് ഇത്രയുമാണ് സാമഗ്രികൾ. തുടക്കത്തിൽ ഒരു ബാരലിന് കുട്ട പച്ചച്ചാണകം കലക്കി ഒഴിക്കണം. പിന്നീട് അടുക്കളയിലെ ജൈവ മാലിന്യങ്ങൾ മാത്രം മതി.

ഈയൊരു നാടൻ ജൈവവാതക പ്ലാന്റ് പ്രായോഗികതയോടെ ഒരുക്കിത്തരാൻ മലപ്പുറം മുണ്ടുപറമ്പിലെ റിട്ടയേർഡ് അധ്യാപകൻ വേലായുധൻ മാസ്റ്റർ സന്നദ്ധനാണ്. വർഷങ്ങളായി അദ്ദേഹം ഈ സംവിധാനം സ്വന്തം വീട്ടിൽ ഉപയോഗിച്ചു വരുന്നു. നിരവധി പേർ അദ്ദേഹത്തിന്റെ സഹായത്തോടെ ഇതുപയോഗിക്കുന്നു. ലിറ്റിൽ മാസികാ പ്രവർത്തകർ ഇത് സ്വന്തം വീടുകളിൽ സ്ഥാപിച്ച് പ്രായോഗികമാക്കി വരുന്നുണ്ട്. ദിവസവും ഒന്നര മണിക്കൂർ തുടർച്ചയായി കത്തിക്കാൻ ആവശ്യമായ വാതകം ഉല്പാദിപ്പിക്കാൻ ഇങ്ങനെയൊരു പ്ലാന്റ് സ്ഥാപിക്കാൻ അയ്യായിരത്തോളം രൂപ ചിലവ് പ്രതീക്ഷിക്കാം.

താൽപര്യമുള്ളവർക്ക് വേലായുധൻ മാസ്റ്ററുമായി ബന്ധപ്പെടാം.
ഫോൺ: 9388230553

സ്വാതന്ത്ര്യം തന്നെ ജീവിതം

## സ്വതന്ത്ര ലോകം 2012

- ദേശീയ സെമിനാർ -

2012 ഡിസംബർ 8, 9 (ശനി, ഞായർ)

മുനിസിപ്പൽ ടൗൺഹാൾ, കുന്നുമ്മൽ, മലപ്പുറം

2012 നവംബർ 25 മുതൽ പുസ്തകമേള മലപ്പുറം

കേരള യുക്തിവാദി സംഘം മലപ്പുറം ജില്ല

നവോത്ഥാന മൂല്യങ്ങളെയും നവമാനവിക സങ്കൽപങ്ങളെയും നിരാകരിക്കുമ്പോൾ തന്നെ ആധുനിക ശാസ്ത്രത്തിന്റെ സാങ്കേതിക സൗകര്യങ്ങൾ സുഭിക്ഷമായി ആസ്വദിക്കുന്ന ഒരു വിചിത്രസമൂഹമാണ് നമ്മുടേത്. ശാസ്ത്രം വേണം പക്ഷേ ശാസ്ത്രബോധം വേണ്ട; ശാസ്ത്രത്തിന്റെ ഉൽപന്നങ്ങളാവാം പക്ഷേ അതിന്റെ നിർദ്ധാരണരീതി വേണ്ട എന്നതാണ് പൊതു നിലപാട്. ശാസ്ത്രസങ്കേതങ്ങൾ ഉപയോഗിച്ചുതന്നെ ശാസ്ത്രവിരുദ്ധ പ്രചാരണം നടത്തുന്ന വിരോധാഭാസമാണ് ഇന്ന് നമ്മൾ കാണുന്നത്.

ഗോത്രകാല മിഥ്യ-കൽപ്പിതങ്ങൾക്ക് ശാസ്ത്രത്തിന്റെ കുപ്പായം ധരിപ്പിക്കുന്ന വിശ്വാസവാണിജ്യം; മണ്ണടിഞ്ഞ മൂഢവിശ്വാസങ്ങളെ പുനരുജ്ജീവിപ്പിച്ച് ആത്മീയ വിപണി കൊഴുപ്പിക്കുന്ന പുത്തൻ രാഷ്ട്രീയ-പൗരോഹിത്യ-മുതലാളിത്ത കൂട്ടുകെട്ട്; വിശ്വാസചൂഷണത്തിന് ദല്ലാൾപണിയെടുത്ത് കമ്മീഷൻ പറ്റുന്ന ജനകീയ മാധ്യമങ്ങൾ; വോട്ടുധനം സർവ്വധനാൽ പ്രധാനം എന്ന ശ്രുതി പരക്കം പായുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ; പൊതുമുതലുകൾ ദേശീയ അന്തർദേശീയ മുതലാളിമാർക്ക് വിറ്റുതുലച്ച് അഴിമതിയും കുത്തകവൽക്കരണവും പ്രോത്സാഹിപ്പിക്കുന്ന സർക്കാരുകൾ; പുരാതന പാരമ്പര്യങ്ങളിൽ മിഥ്യാഭിമാനം കൊള്ളുന്ന പൊതു ധാർമ്മിക ബോധം; ഇതാണ് സാംസ്കാരിക കേരളത്തിന്റെ പരിച്ഛേദം....!!!

സ്വതന്ത്ര ചിന്തയാണ് സംസ്കാരങ്ങളെ പുതുക്കിപ്പണിതിട്ടുള്ളത് എന്നും ശാസ്ത്രീയ മനോഭാവവും യുക്തിചിന്തയും മാത്രമേ നവലോക സൃഷ്ടിക്ക് ഉപകരിക്കൂ എന്നും നമ്മൾ തിരിച്ചറിയുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. സാമൂഹ്യ-രാഷ്ട്രീയ വ്യതിയാനങ്ങളെ ഭരണഘടനയും മാനവികതയും ശാസ്ത്രീയതയും ഉയർത്തിപ്പിടിച്ചുകൊണ്ട് ചെറുത്തുനിൽക്കാൻ ശ്രമിക്കുന്ന കേരള യുക്തിവാദി സംഘം മലപ്പുറം ജില്ലയും സ്വതന്ത്ര ചിന്തകരുടെ ഫെയ്സ്ബുക്ക് കൂട്ടായ്മയും ചേർന്ന് ഡിസംബർ 8, 9 തിയ്യതികളിൽ സ്വതന്ത്ര ലോകം 2012 എന്ന ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. വിപുലമായ പരിപാടികളോടെ നടത്തുന്ന സെമിനാറിന് താങ്കളുടെ സാന്നിദ്ധ്യവും സഹായ സഹകരണങ്ങളും അഭ്യർത്ഥിക്കുന്നു.

പ്രോഗ്രാം കൺവീനർ: ശിവദാസൻ ടി.പി., ഫോൺ: 9447236810
പ്രോഗ്രാം കോ-ഓർഡിനേറ്റർ: സുശീൽകുമാർ.പി.പി: 9447641192

Edited,Printed, Published and Owned by Biju John. Responsible for selection of news under the